കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബളാൽ ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി /10/61/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി.25.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബളാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബളാൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ്

വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി- 10/61/2017 തിയ്യതി:25.01.2017

## കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-02-2016 മുതൽ 30-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ,

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 22.12.2016 മുതൽ 29.12.2016 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ലോകേഷ്ആചാരി.ബി. | ഓഡിറ്റ് ഓഫീസർ (28-12-16വരെ) |
| | തോമസ്.കെ | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനിയർഗ്രേഡ്ഓഡിറ്റർ |
| | കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജു കട്ടക്കയം | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീമതി.രാധാമണി.എം | 19.11.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ.ജോസഫ്.എം.ചാക്കോ | 01.04.2015മുതൽ 31.3.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | രാജു.കെ.ജെ | 01.04.2015മുതൽ 31.03.2016വരെ |
| അസി.എഞ്ചിനിയർ | ഫൈസൽ.കെ.പി | 01.04.2015മുതൽ 11.05.2015 വരെ |
| | ജനോവ.കെ.വി (അധിക ചുമതല) | 12.05.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | അതുൽ.ബി.മണപ്പാടൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ദാക്ഷായണി.പി.പി | 01.04.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വി.ഇ.ഒ (ബളാൽ സർക്കിൾ) | രാജു.കെ.എസ് | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (മാലോം സർക്കിൾ) | ജേക്കബ് ഉലഹന്നാൻ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ഉസൈമൂത്ത് | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സി.ഡി.ജോസ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.കെ.പി.പത്മേശൻ | 01.04.2015മുതൽ 7.11.2015 വരെ |
| | ഡോ.ജയപ്രതി ഗ്രേസ്സ് | 8.11.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.വാസു ആനന്ദ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.പ്രഭിത.പി.വി | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാർഷിക കണക്ക് അപാകതകൾ | 2-1 |
| 13 | ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു | 2-2 |
| 14 | കെട്ടിടനിർമ്മാണ പെർമിറ്റ്-റെഗുലറൈസേഷൻ അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-4 |
| 16 | റഗുലറൈസേഷൻഫീസ് ഈടാക്കിയതിൽ കുറവ് | 2-5 |
| 17 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2-6 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ | 2-7 |
| 19 | പാർക്കിംഗ് ഏരിയ വ്യതിയാനം വരുത്തി കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-8 |

| | | |
|---|---|---|
| 20 | ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 2-9 |
| 21 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-10 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-11 |
| 23 | നികുതി പിരിവ് ഫ്രണ്ട് ഓഫീസ് വഴി അടവാക്കിയിട്ടില്ല | 2-12 |
| 24 | സാംഖ്യ രസീതി സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ | 2-13 |
| | ഭാഗം 3 | |
| 25 | വാർഷിക കണക്ക് പ്രകാരമുള്ള ബാദ്ധ്യത കൃത്യമായ രേഖകളും കണക്കുകളും സൂക്ഷിക്കുന്നില്ല | 3-1 |
| 26 | ബജറ്റ് അവതരണം ,അംഗീകാരം നിയമാനുസൃ നടപടികൾ സ്വീകരിക്കുന്നില്ല | 3-2 |
| 27 | ബയോഡൈവേഴ്സിറ്റി രജിസ്റ്റർ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -പദ്ധതി അംഗീകാരത്തിൽ അവ്യക്തത | 3-3 |
| 28 | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ എ.കെ.എം പരിശോധന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 |
| 29 | അച്ചടി ജോലികൾ – ആദായ നികുതി ഈടാക്കിയിട്ടില്ല | 3-5 |
| 30 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും വിവിധ രജിസ്റ്ററുകൾ, ഫോറങ്ങൾ എന്നിവ വാങ്ങിയത് -വിതരണ വിവരങ്ങൾ ലഭ്യമല്ല. | 3-6 |
| 31 | ഹിൽ ട്രാക്ട് അലവൻസ് വകുപ്പ് തല ഉത്തരവ് ഹാജരാക്കിയില്ല | 3-7 |
| 32 | ചെയ്യാത്ത പ്രവൃത്തിക്ക് അളവ് കണക്കാക്കി തുക നൽകി അപാകതകൾ | 3-8 |
| 33 | ഇ.എം.എസ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് -ട്രഷറിയിൽ നിന്നും പിൻവലിച്ച തുക തിരിച്ചടയ്ക്കുന്നതിൽ കാലതാമസം | 3-9 |
| 34 | നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ സർക്കാർ നിർദ്ദേശപ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല-മറ്റ് അപാകതകൾ | 3-10 |
| 35 | ബയോഗ്യാസ് പ്ലാന്റ് വിതരണം വികസനഫണ്ട് വിഹിതം മുൻകൂട്ടി പിൻവലിച്ചു -പദ്ധതി പൂർത്തീകരിച്ചില്ല | 3-11 |
| 36 | വീടിന്റെ മേൽക്കൂര മാറ്റൽ പദ്ധതി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-12 |
| 37 | പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണം -പദ്ധതി പൂർത്തീകരിച്ചില്ല -മറ്റ് അപാകതകൾ | 3-13 |
| 38 | പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള സ്വയം തൊഴിൽ പദ്ധതി -അനുബന്ധരേഖകൾ അപൂർണ്ണം | 3-14 |
| 39 | വിവാഹ ധനസഹായ വിതരണം അനുബന്ധ രേഖകൾ അപൂർണ്ണം | 3-15 |
| 40 | ഉറവിട മാലിന്യ സംസ്കരണം -കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-16 |
| 41 | മരുന്നുകൾ മുഴുവനം ലഭ്യമായട്ടില്ല.(പി.എച്ച്.സി) | 3-17 |
| 42 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-18 |
| 43 | സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത മരാമത്ത് പ്രവത്തികളിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. | 3-19 |
| 44 | നോൺ ബാങ്കിങ്ങ് ട്രഷറി ഇടപാടുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ബാങ്കിങ് | 3-20 |

| | | |
|---|---|---|
| | ട്രഷറിയായിട്ടും തുടരുന്ന | |
| | ഭാഗം 4 | |
| 45 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 53 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 1/15 പ്രകാരം അംഗീകരിച്ചതായി ഭരണസമിതി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൃത്യമായ ബജറ്റ് വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല . ഇതു സംബന്ധിച്ച പ്രത്യേക പരാമർശം ഈ റിപ്പോർട്ടിലെ ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയത് കാണുക. (ഖണ്ഡിക 3(2))

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-12-2016 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-(1) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 2,13,74,007 |
| വരവ് | 9,48,46,510 |
| ആകെ | 11,62,20,517 |
| ചെലവ് | 11,38,61,641 |
| നീക്കിയിരിപ്പ് | 23,58,876 |

വാർഷിക ധനകാര്യ പത്രിക പരിശോധനവേളയിൽ പുതുക്കി സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കാണ് മേൽ പരാമർശിച്ചിട്ടുള്ളത്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10,94,854 | 62,44,528 | + 78,08,521 | 1,51,47,503 | 1,51,47,503 | - |
| വികസനഫണ്ട് എസ്.സി.പി. | 16,95,203 | 69,67,778 | (-)8,40,203 | 78,22,778 | 78,22,778 | - |
| വികസനഫണ്ട് ടി.എസ്.പി. | - | 1,35,000 | - | 1,35,000 | 1,35,000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 17,17,159 | 98,32,188 | - | 1,15,49,347 | 1,15,49,347 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 8,76,066 | 17,53,231 | - | 26,29,297 | 26,29,297 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17,09,037 | 87,11,155 | (-)29,35,583 | 74,84,609 | 74,84,609 | - |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 41,06,905 | 35,56,556 | (-)40,32,735 | 36,30,726 | 36,30,726 | - |
| ബി ഫണ്ട് | | 2,30,54,699 | - | 2,30,54,699 | 2,30,54,699 | - |
| MGNREGA | 57,557 | 2,16,59,244 | - | 2,17,16,801 | 2,16,97,238 | 19,563 |

(* കുറിപ്പ്. (GO(P) No.419/2015/Fin Dt.19-9-2015).

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ |
|---|---|---|---|---|

| | | | | ശതമാനം |
|---|---|---|---|---|
| 181 | 130 | 7 | 51 | 94 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 13 | 48,38,411 | 5 | 37,62,467 | 77.76 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 51,50,000 | 4 | 33,00,000 | 64.07 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 126 | 4,53,70,276 | 88 | 2,92,10,155 | 64.38 |
| 4 | കൃഷി ഓഫീസർ. | 4 | 28,48,325 | 4 | 16,57,188 | 58.18 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 15 | 2,34,53,950 | 14 | 1,48,55,000 | 63.33 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 6 | 32,86,863 | 4 | 23,33,976 | 71 |
| 7 | വെറ്റിനറി സർജ്ജൻ | 4 | 24,38,502 | 4 | 15,35,580 | 62.97 |
| 8 | മെഡിക്കൽഓഫീസർ, -പി.എച്ച്.സി. | 2 | 7,50,000 | 2 | 6,42,147 | 85.61 |
| 9 | മെഡിക്കൽ ഓഫീസർ, - ആയുർവ്വേദം. | 1 | 2,00,000 | 1 | 2,00,000 | 100 |
| 10 | പ്രധാനാധ്യാപകൻ. | 4 | 6,48,591 | 3 | 5,65,570 | 87,19 |
| 11 | മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1,50,000 | 1 | 1,50,000 | 100 |
| | അകെ | 181 | 8,91,34,918 | 130 | 5,82,12,083 | 65.30 |

## 1-7 തനത് വരുമാനം.

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.07% ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 37,79,264 | 33,16,661 | (-) 4,62,603 | (-) 12.24 |
| നികുതിയേതര വരവുകൾ | 8,29,474 | 9,65,806 | (+) 1,36,332 | (+) 16.43 |
| ആകെ | 46,08,738 | 42,82,467 | (-) 3,26,271 | (-) 7.07 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 68,880 | 58 |
| കർഷക തൊഴിലാളി പെൻഷൻ | 15,03,600 | 203 |
| വിധവാ പെൻഷൻ | 73,19,200 | 864 |
| വാർദ്ധക്യകാല പെൻഷൻ | 1,18,59,390 | 2090 |
| വികലാംഗ പെൻഷൻ | 20,12,625 | 251 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,63,880 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന23-12-2016 ന് (1.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,385 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുഴുവൻ റഗുലർ ജീവനക്കാരും, സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പംതന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏല്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവ്വഹിക്കേണ്ടതുമാണ്. ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് ഉത്തരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ജോലി വിഭജനം നടപ്പിലാക്കിയിട്ടുണ്ട്.എന്നാൽ ഇത് പൂർണ്ണതോതിൽ പ്രാബല്യത്തിൽ വരുത്തുവാൻ ജീവനക്കാർക്ക് സാധിച്ചിട്ടില്ല.

2).മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ(fly leaf)സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിയ്ക്കേണ്ടതുമാണ്.ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running note file) സൂക്ഷിക്കേണ്ടതുമാണ്. എന്നൽ ഗ്രാമപഞ്ചായത്തിൽ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം നികുതി പിരിവിലും അപേക്ഷകൾ സ്വീകരിക്കുന്നതിലും മാത്രമായി

ഒതുങ്ങിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല. ഇതുമൂലം ഗ്രാമ പഞ്ചായത്തിൽ ലഭിച്ച തപാലുകളുടെ തുടർ നടപടികൾ നിരീക്ഷിക്കുവാൻ സാധിക്കുന്നില്ല.

3) പ്രതിമാസം ജീവനക്കാരുടെ യോഗം നടക്കാറില്ല.

4) 03-07-2009 ലെ 74217/ആർ.സി.3/08/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിയ്ക്കണമെന്നും സ്ഥലംമാറ്റം സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തണമെന്നും സ്ഥലം മാറുന്ന ഉദ്യോഗസ്ഥൻ നിർവഹണം നടത്തുന്ന പ്രവർത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും ഫയലുകൾ,രജിസ്റ്ററുകൾ തുടങ്ങിയവ രേഖാ മൂലം കൈമാറണം എന്നും നിർദ്ദേശിച്ചിരുന്നു.എന്നാൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഇൻകുംബൻസി രജിസ്റ്റർ അപൂർണ്ണമാണ്. പല ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സ്ഥിരം മേൽവിലാസം, ഓഡിറ്റ് സമയത്ത് ജോലി ചെയ്യുന്ന ഓഫീസ് മേൽവിലാസം എന്നിവ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5)വിശാലമായ ഭൂവിസ്തൃതിയുള്ള ഗ്രാമ പഞ്ചായത്തിൽ ആയതിനനുസൃതമായി ജീവനക്കാരുടെ തസ്തികകളും സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. മതിയായ ജീവനക്കാരുടെ അഭാവം ഓഫീസ് സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2016 | 2016ഒക്ടോബർ & നവംബർ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന വേളയിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1)2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല

2)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

5)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

6)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2014-15-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരം ബാധ്യത 2,47,21,701 രൂപയായിരുന്നു എന്നാൽ 2015-16-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരം ബാധ്യതയായി 99,29,066 രൂപയാണ് കാണിച്ചിട്ടുള്ളത്.

7)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 2-2 ചട്ടവിരുദ്ധമായി കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ1-5526/11 തീയ്യതി 24.10.2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 40 രൂപയുമാണ് നിരക്ക്.കൂടാതെ ലാഡ്ജിംഗിന് 30 രൂപയാണ് ഒരു ചതുരശ്ര മീറ്ററിന് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു.(ഓഡിറ്റ് എൻക്വയറി നം.13 /28.12.2016,ഓഡിറ്റ് എൻക്വയറി നം.15 /29.12.2016) വിശദവിവരം താഴെ കൊടുക്കുന്നു.

1)ഉടമസ്ഥന്റെപേര്--V.K.അസീസ്,വാക്കയിൽ, മങ്കയം, വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ -- Ward No 14, 468A മുതൽ 459 U വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| BF(CELLAR) | 258.89m2 | 11.11.2015 |
| GF | 247.74m2 | 11.11.2015 |
| FF | 237.92m2 | 11.11.2015 |
| SF | 237.92m2 | 11.11.2015 |
| Head room | 34.66m2 | |
| Total | 1017.13m2 | |

| കെട്ടിടത്തിന്റെ | കെട്ടിടത്തിന് നിശ്ചയിച്ച നികുതി | കെട്ടിടത്തിന് | കുറവ് |
|---|---|---|---|

| നിലകളുടെ വിവരം | നിരക്ക് | | | | നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| B.F-258.89m2 | -- | - | - | - | 258.89X60= 17,153 | 20%= 3431 | -- | 20,584 | 20,584 |
| G.F-247.74m2 | 247.74X40=9910 | 20%= 1982 | -- | 11892 | 247.74X60= 14,864 | 20%= 2973 | -- | 17,837 | 5,945 |
| F.F-237.92m2 | 237.92X40=9517 | 20%= 1903 | 5%= 571 | 10849 | 237.92X60= 14,275 | 20%= 2855 | 5%= 857 | 16,273 | 5,424 |
| S.F-237.92m2 | -- | -- | -- | -- | 237.92X60= 14,275 | 20%= 2855 | 10%= 1713 | 15,417 | 15,417 |
| ആകെ | | | | | | | | | 47,370 |

2)ഉടമസ്ഥന്റെ പേര് -K.J.വർക്കി & പ്രിൻസ് വർക്കി,
പ്ലാച്ചിക്കര, വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ - Ward No 14, 459A മുതൽ 459 U വരെ

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| BF(CELLAR) | 363.62m2 | 13.7.2014 |
| GF | 363.62m2 | 13.7.2014 |
| FF | 363.58m2 | 25.5.2015 |
| SF | 363.58m2 | 25.5.2015 |
| Total | 1454.4m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | നികുതികുറവ് വന്ന വർഷം | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | | |
| BF-363.58m2 | -- | -- | -- | -- | 363.58x60= 21,815 | 20% = 4303 | -- | 26,118 | 2014-15, 15-16 | 2x26118= 52,236 |
| GF-363.58m2 | 363.58x40= 14543 | 20% = 2909 | -- | 17452 | 363.58x60= 21,815 | 20% = 4303 | -- | 26,118 | 2014-15, 15-16 | 2x8666= 17,332 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| FF-363.62m2 | 363.62x 40= 14545 | 20%= 2909 | 5%= 873 | 16581 | 363.62x60= 21,817 | 20%= 4363 | 5%= 1309 | 24,871 | 2015-16 | 8,290 |
| SF-363.62m2 | -- | -- | -- | -- | 363.62x60= 21,817 | 20%= 4363 | 10%= 2,618 | 23,562 | 2015-16 | 23,562 |
| ആകെ | | | | | | | | | | 1,01,390 |

3)ഉടമസ്ഥന്റെ പേര് -- കരുണാകരൻ നായർ & ലേഖകരുണാകരൻ,
പടിഞ്ഞാറ്റംകൊവ്വൽ, നീലേശ്വരം.

കെട്ടിട നമ്പർ -- Ward No 14, 548A മുതൽ 548 I വരെ

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 114.7m2 | 4.12.2014 |
| FF | 118.50m2 | 15.7.2015 |
| SF | 118.50m2 | 15.7.2015 |
| Total | 341.25m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | നികുതികുറവ് വന്ന വർഷം | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | | |
| GF-114.7m2 | 114.7X40= 4588 | 20%= 918 | - | 5506 | 114.7X60=6,882 | 20% = 1376 | -- | 8,258 | 2014-15 ,15-16 | 2x2752= 5,504 |
| FF-118.50m2 | 118.5X40= 4740 | 20%= 948 | - | 5688 | 118.5X60=7,110 | 20% = 1422 | -- | 8,532 | 2015-16 | 2,844 |
| SF-118.50m2 | 118.50x 5= 593 | 20%= 119 | | 712 | 118.50x30=3,555 | 20%= 711 | -- | 4,266 | 2015-16 | 3,554 |
| ആകെ | | | | | | | | | | 11,902 |

ഈ കെട്ടിടത്തിന്റെ ഒന്നാം നില ലാഡ്ജിംഗ് വിഭാഗത്തിൽപ്പെടുന്നതാണ്. എന്നാൽ ആ കെട്ടിട ഭാഗത്തിന്

റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് ആയത് ശരിയായ നടപടിയല്ല.

4)ഉടമസ്ഥന്റെപേര്- ലീന ജോസി & ജോസി , മങ്കയം, വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ -- Ward No 14, 457 Cമുതൽ 457 U വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 138.43m2 | 21.8.2015 |
| FF | 155.95m2 | 21.8.2015 |
| SF | 140.65m2 | 21.8.2015 |
| Head room | 17.75m2 | 21.8.2015 |
| Total | 452.63 m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| GF-138.43m2 | 138.43x 40=5537 | 20%= 1107 | - | 6,644 | 138.43x 60= 8,306 | 20%= 1661 | -- | 9,967 | 3,323 |
| FF-155.95m2 | 155.95x 40= 6238 | 20%= 1248 | 5%=374 | 7,112 | 155.95x 60= 9,357 | 20%= 1871 | 5%= 561 | 10,667 | 3,555 |
| SF-140.65m2 | 140.65x 5= 703 | 20%= 141 | 10%= 42 | 802 | 140.65x 30= 4,220 | 20%= 844 | 10%= 506 | 4,558 | 3,756 |
| ആകെ | | | | | | | | | 10,634 |

ഈ കെട്ടിടത്തിന്റെ രണ്ടാം നില ലാഡ്ജിംഗ് വിഭാഗത്തിൽപ്പെടുന്നതാണ്. എന്നാൽ ആ കെട്ടിട ഭാഗത്തിന് റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് ആയത് ശരിയായ നടപടിയല്ല.

5)ഉടമസ്ഥന്റെപേര്- മാത്യൂ തോമസ്സ്, S/o തോമസ്സ്, വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ -- XIV 389Aമുതൽ 389J വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ | പ്ലിന്ത് | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് |
|---|---|---|

| നിലകൾ | ഏരിയ/ | തീയ്യതി |
|---|---|---|
| GF | 308.14m2 | 25.6.2015 |
| FF | 356.17m2 | 25.6.2015 |
| Head room | 41.49m2 | 25.6.2015 |
| Total | 705.90m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| GF-308.14m2 | 308.14x 40=12326 | 20%= 2465 | - | 14791 | 308.14x 60= 18,488 | 20%= 3,698 | -- | 22,186 | 7,395 |
| FF-356.17m2 | 356.17x 40= 14247 | 20%= 2849 | 5%= 855 | 16241 | 356.17x 60= 21,370 | 20%= 4,274 | 5%= 1,282 | 24,362 | 8,121 |
| ആകെ | | | | | | | | | 15,516 |

6)ഉടമസ്ഥന്റെപേര്- ബിജു സെബാസ്റ്റ്യൻ, മങ്കയം, വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ -- XV 469 A മുതൽ XV 469 V വരെ,

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 259m2 | 21.9.2015 |
| FF | 294m2 | 21.9.2015 |
| Head room | 39m2 | 21.9.2015 |
| Total | 592m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | കുറവ് വന്ന തുക |
|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| GF-259m2 | 259x 40= 10,360 | 20%= 2072 | - | 12,432 | 259x 60= 15540 | 20%= 3,108 | -- | 18,648 | 6,216 |
| FF-294m2 | 294x 40= 11,760 | 20%= 2352 | 5%= 706 | 13,406 | 294x 60= 17640 | 20%= 3,528 | 5%= 1058 | 20,110 | 6,704 |
| ആകെ | | | | | | | | | 12,920 |

7)ഉടമസ്ഥന്റെപേര്-മേലത്ത് രാധാകൃഷ്ണൻ, മേലത്ത് ഹൗസ്, ബളാൽ , വെള്ളരിക്കുണ്ട്.

കെട്ടിട നമ്പർ -- XIV 548 J മുതൽ 548 A1 വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 84.67m2 | 11.11.2015 |
| FF | 84.67m2 | 11.11.2015 |
| Head room | 84.67m2 | 11.11.2015 |
| Total | 254.01m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| GF-84.67m2 | 84.67x 40=3387 | 20%= 677 | - | 4,064 | 84.67x 60= 5,080 | 20%= 1016 | -- | 6,096 | 2,032 |
| FF-84.67m2 | 84.67x 40= 3387 | 20%= 677 | 5%= 203 | 3,861 | 84.67x 60= 5,080 | 20%= 1,016 | 5%= 305 | 5,791 | 1,930 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| SF-84.67m2 | 84.67x 5= 423 | 20%= 85 | 5%= 25 | 483 | 84.67x30= 2,540 | 20%= 508 | 5%= 152 | 2,896 | 2,413 |
| ആകെ | | | | | | | | | 6,375 |

ഈ കെട്ടിടത്തിന്റെ രണ്ടാം നില ലാഡ്ജിംഗ് വിഭാഗത്തിൽപ്പെടുന്നതാണ്. എന്നാൽ ആ കെട്ടിട ഭാഗത്തിന് റസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് ആയത് ശരിയായ നടപടിയല്ല.

8)ഉടമസ്ഥന്റെപേര്- വിജയൻ വി.സി, ബളാൽ.

കെട്ടിട നമ്പർ -- III 305 B മുതൽ 305 I വരെ,

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|
| GF | 426.31m2 | 10.11.2015 |
| Total | 426.31m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| GF-426.31m2 | 426.31x 40= 17052 | 20%= 3410 | - | 20,462 | 426.31x 60= 25,579 | 20%= 5,116 | -- | 30,695 | 10,233 |
| ആകെ | | | | | | | | | 10,233 |

ഈ കെട്ടിടം പെർമ്മിറ്റിന് വിരുദ്ധമായാണ് നിർമ്മിച്ചിട്ടുള്ളത്.എന്നാൽ AE യുടെ റിപ്പോർട്ട് പ്രകാരം permit പ്രകാരമാണ് നിർമ്മാണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇത് ശരിയല്ല permit നല്കിയത് GF ഭാഗത്ത് 146.1m2 മാത്രമാണ്, നിർമ്മാണം പൂർത്തീകരിച്ചത് GF-426.31m2 നാണ്. ആയത് കൊണ്ട് റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതായിരുന്നു, എന്നാൽ ഫീ ഈടാക്കിയിട്ടില്ല. ഇത് മൂലം 4263 (426.31x10)രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്.

9)ഉടമസ്ഥന്റെപേര്- പി.ഹരീന്ദ്രൻ നായർ, പ്ലാച്ചിക്കര.

കെട്ടിട നമ്പർ -- XV 502 B മുതൽ 502 O വരെ,

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ | കംപ്ലീഷൻ തീയ്യതി/ അസസ്സ്മെന്റ് തീയ്യതി |
|---|---|---|

| | | |
|---|---|---|
| | | |
| BF | 155.38m2 | 11.2.2015 |
| GF | 155.38M2 | 11.2.2015 |
| Total | 310.76m2 | |

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| BF-155.38m2 | 155.38x 40= 6215 | 20%= 1243 | - | 7458 | 155.38x 60= 9,323 | 20%= 1865 | -- | 11,188 | 3,730 |
| GF-155.38m2 | 155.38x 40= 6215 | 20%= 1243 | - | 7458 | 155.38x 60= 9,323 | 20%= 1,865 | -- | 11,188 | 3,730 |
| ആകെ | | | | | | | | | 7,460 |

മുകളിൽ വിവരിച്ച പ്രകാരം കുറവ് വന്ന തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിലെ നികുതി ക്രമീകരിക്കേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ മുൻവർഷങ്ങളിൽ പണി പൂർത്തിയായ 100 ച.മീറ്ററിലധികം തറ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഇത്തരത്തിൽ ചട്ടവിരുദ്ധമായി നികുതി നിർണയിച്ചതിലൂടെ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന പരിശോധിച്ച് കുടിശ്ശിക സഹിതം നഷ്ടം നികത്തേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ്/റഗുലറൈസേഷൻ അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ ഈ കാലയളവിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2) ടേബിൾ 2 അനുസരിച്ച് വാണിജ്യ ആവശ്യങ്ങൾക്ക് ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'F' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.75' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ്. കൂടാതെ ലാഡ്ജിംഗ് ആവശ്യങ്ങൾക്ക് ഉപയാഗിക്കുന്ന കെട്ടിടങ്ങളുടെ കൈവശാവകാശ ഗണം 'A2' ആണ്. ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതം '1.5' ആണ്. അധികം വരുന്ന ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ നിരക്കിൽ അധിക ഫീസ് വാങ്ങി പരമാവധി '2.25' വരെ തറ വിസ്തീർണ്ണാനുപാതം അനുവദിക്കാവുന്നതാണ് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 35(2)(iii) പ്രകാരം ഒന്നിൽ കൂടുതൽ കൈവശ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പരമാവധി അനുവദനീയമായ തറ വിസ്തീർണ്ണാനുപാതവും പരിധിയും പുരയിടത്തിന് 0.5 ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണവുമുണ്ടെങ്കിൽ പട്ടിക 2 (കേരള

പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) ലെ യഥാക്രമമുള്ള കൈവശാവകാശ ഗണങ്ങളുടെ കീഴിലുള്ള തറ വിസ്തീർണ്ണാനുപാതത്തിൻറയും പരിധിയുടെയും ശരാശരി മൂല്യമായിരിക്കേണ്ടതാണ്. എന്നാൽ പുരയിട വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും പരിധിയും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റെ ആയിരിക്കണം. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിർമ്മിച്ച താഴെ വിവരിക്കുന്ന കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകുമ്പോൾ കാറ്റഗറി ഗണം മാറ്റി അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന തറ വിസ്തീർണ്ണാനുപാതത്തിലും ഉപരിയായി തറ വിസ്തീർണ്ണാനുപാതം അനുവദിച്ച് കൊണ്ട് നിർമ്മാണ പെർമിറ്റ് അനുവദിച്ചതായി കാണുന്നു. എന്നാൽ, അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന തറ വിസ്തീർണ്ണാനുപാതം അനുവദിക്കുന്നതിന് ചട്ടങ്ങളിലെ പട്ടിക 2 കോളം 6 -ലെ അധിക ഫീസ് ഇടാക്കിയതായി കാണുന്നുമില്ല.(ഓഡിറ്റ് എൻക്വയറി നം 7/27.12.2016) വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

A.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | V.K.അസീസ്,<br>വാക്കയിൽ, മങ്കയം, വെള്ളരിക്കുണ്ട്. |
| സർവ്വെ നം | 79/6,79/8 ലെ 11.25 സെന്റ് (455.29m2) |
| വില്ലേജ് | ബളാൽ |
| അപേക്ഷാ തീയതി | 08.10.2015 (Revised permit) |
| പെർമ്മിറ്റ് നം | BP 40/15-16 തീ. 18.11.2015(Revised permit), BP21/15-16 തീ. 17.11.2015. |

കെട്ടിടത്തിന്റ അളവ്

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ഫ്ളോർ ഏരിയ |
|---|---|
| BF(CELLAR) | 258.89m2 |
| GF | 247.74m2 |
| FF | 237.92m2 |
| SF | 237.92m2 |
| Head room | 34.66m2 |
| Total | 1017.13m2 |

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം.

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 1017.13/455.29 = 2.23

അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.75 x 455.29= 796.76 m2

ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 455.29 m2 =1024.40m2 ആണ്. ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ – അനുവദനീയമായ തറ വിസ്തീർണാനുപാതം
= 1017.13 – 796.76 = 220.37 m2

അധിക നിർമ്മാണം - 220.37 m2 .

അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 1,10,185/- രൂപ (220.37 x 500 = 1,10,185/-) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അയത് ഈടാക്കിയതായി കാണുന്നില്ല.
B.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | K.J.വർക്കി & പ്രിൻസ് വർക്കി,<br>പ്ലാച്ചിക്കര, വെള്ളരിക്കുണ്ട്. |
| സർവ്വെ നം | 112/11A1,79/6 ലെ 17 സെന്റ് (687.99m2) |
| വില്ലേജ് | ബളാൽ |
| പെർമ്മിറ്റ് നം | റഗുലറൈസേഷൻ ഫയൽ ആണ്. |
| കംപ്ലീഷൻ തീയ്യതി | 11.5.2015 |

കെട്ടിടത്തിന്റെ അളവ്

| കെട്ടിടത്തിന്റെ നിലകൾ | പ്ലിന്ത് ഏരിയ/ഫ്ലോർ ഏരിയ |
|---|---|
| BF(CELLAR) | 363.62m2 |
| GF | 363.62m2 |
| FF | 363.58m2 |
| SF | 363.58m2 |
| Head room | 19.88 |
| Total | 1474.28m2 |

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം.

കെട്ടിടത്തിൻറ തറ വിസ്തീർണ്ണാനുപാതം = 1474.28/687.99 = 2.14

അനുവദനീയമായ തറ വിസ്തീർണ്ണാനുപാതം = 1.75 x 687.99= 1203.98 m2

ഓരോ ചതുരശ്ര മീറ്ററിനും 500 രൂപ അധിക ഫീസ് ഇടാക്കി അനുവദിക്കാവുന്ന കെട്ടിട വിസ്തീർണ്ണം = 2.25 x 687.99 m2 =1547.98m2 ആണ്. ഇവിടെ അധിക നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ – അനുവദനീയമായ തറ വിസ്തീർണാനുപാതം
= 1474.28 – 1203.98= 270.3 m2

അധിക നിർമ്മാണം - 270.3 m2 .

അനുവദനീയമായ അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് 1,35,150/- രൂപ (270.3 x 500 = 1,35,150/-) ഉടമയിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. അയത് ഈടാക്കിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തിൽ 100 ച.മീ താഴെയുള്ള ഗ്രൂപ്പ് AI വാസഗൃഹങ്ങൾക്ക് ച.മീ ന് 1.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 3 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 5 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. ഈ കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം 1474.38 m2 ആണ്. അതുപ്രകാരം ഈടാക്കേണ്ടിയിരുന്ന ക്രമവൽക്കരണ ഫീ m2 ന് 10 രൂപ പ്രകാരം 14,738/- രൂപയാണ്. എന്നാൽ ഇത് ഇവിടെ ഈടാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

## 2-4 കെട്ടിടനിർമാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 11 (3)ലെ പട്ടിക പ്രകാരം പഞ്ചായത്തിലെ വാസഗൃഹങ്ങൾക്ക് ചതുരശ്രമീറ്ററിന് 3/- രൂപയും വാണിജ്യ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5/- രൂപയുമാണ് ഈടാക്കേണ്ടത്. എന്നാൽ കെട്ടിട നിർമാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകനിൽ നിന്നും കെട്ടിട നിർമാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവുണ്ട്.(ഓഡിറ്റ് എൻക്വയറി നം.17 /29.12.2016)

| അപേക്ഷകൻ | പെർമിറ്റ് നമ്പർ | ഒക്യുപൻസി | തറ വിസ്തീർണ്ണം(ച.മീ) | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയ പെർമിറ്റ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| ഷാജു, കനകപ്പള്ളി | 66/16 | വാണിജ്യം | 199.58m2 | 998 | 673 | 325 |

കുറവ് വന്ന തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ,ചട്ടം 11(3) (ഷെഡ്യൂൾ II) പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തിൽ 150 ച.മീ താഴെയുള്ള ഗ്രൂപ്പ് A2 വാസഗൃഹങ്ങൾക്ക് ച.മീ ന് 1.5 രൂപ നിരക്കിലും 150 ച.മീ കൂടുതലുള്ള വാസഗൃഹങ്ങൾക്ക് 3 രൂപ നിരക്കിലും മറ്റെല്ലാവിധ ഒക്യുപൻസികൾക്കും ച.മീ ന് 5 രൂപ നിരക്കിലും പെർമിറ്റ് ഫീ ഈടാക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. 2015-16 വർഷത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവൽക്കരണം ചെയ്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീ ഈടാക്കിയതിൽ താഴെ ചേർക്കും വിധം കുറവ് വന്നതായി കാണുന്നു.(ഓഡിറ്റ് എൻക്വയറി നം.17 /29.12.2016)

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ, റഗുലറൈസേഷൻ തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം, ഒക്യുപൻസി | പെർമിറ്റ് ഫീ | രാജിയാക്കൽ ഫീ | കുറവ് വന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 13/15-16 dt18.6.15 | Leenajosy &josy | 452.63m2 | 2263 | 4526 | 2263 | 18.6.15 ന് പെർമ്മിറ്റ് നല്കിയ ഈ കെട്ടിടത്തിന് completion 21.08.15 നാണ് വന്നത്, permit നല്കി രണ്ട് മാസം കൊണ്ട് മൂന്ന് നില പൂർത്തീകരിച്ചത് പ്രായോഗികമല്ല റഗുലറൈസേഷൻ നടത്തേണ്ട കെട്ടിടമാണിത്. |

കുറവ് വന്ന തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-7 കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)റെഗുലറൈസേഷൻരജിസ്റ്റർ-സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ 2011-ലെ കേ.പ.രാ. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134(3) പ്രകാരം അനുബന്ധം J മാതൃകയിലുള്ള റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകന് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു.

## 2-8 പാർക്കിങ്ങ് ഏരിയ വ്യതിയാനം വരുത്തി , കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഗ്രാമ പഞ്ചായത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള XIV-ാം വാർഡിലെ വെള്ളരിക്കുണ്ട് ടൗണിൽ 468(വി.കെ.ടവേഴ്സ്), 459(കരിമ്പനക്കൽ) എന്നീ നമ്പറുകൾ നൽകിയിരിക്കുന്ന കെട്ടിടങ്ങളിലെ പാർക്കിങ്ങ് ഏരിയ ഗ്രാമ പഞ്ചായത്ത് അനുമതിയില്ലാതെ വ്യതിയാനം വരുത്തി കടമുറികളാക്കി മാറ്റുകയും വിവധ കച്ചവടസ്ഥാപനങ്ങൾ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ അവിടെ പ്രവർത്തിച്ച് വരുന്നതായും ഓഡിറ്റ് പരിശോധനയിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം, ഡി. & ഒ. ലൈസൻസ് ചട്ടം എന്നിവയുടെ ഗുരുതരമായ ലംഘനം നടന്നിട്ടും ഗ്രാമ പഞ്ചായത്തധികൃതർ യാതൊരു നടപടികളും സ്വീകരിച്ചുകാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് ചട്ടലംഘനം നടത്തിയവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ പാർക്കിങ്ങ് ഏരിയ വ്യതിയാനം വരുത്തി നിർമ്മിച്ച കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | കെട്ടിട നമ്പർ | പാർക്കിങ്ങ് ഏരിയ വ്യതിയാനം വരുത്തി നിർമ്മിച്ച കടമുറികളിൽ പ്രവർ ത്തിക്കുന്ന സ്ഥാപനങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | 14/468 (അസീസ് വാകയിൽ -വീകെ ടവേഴ്സ് ) | ഹോട്ടൽ ഗ്രീൻസ് | ഈ സ്ഥാപനത്തിന് 14/468a കെട്ടിട നമ്പറിന്റെ പിൻബലത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും 2016-17 വർഷം ലൈസൻസ് നൽകി |
| | | ബ്രഹ്മി ആയുർവ്വേദ | - |
| | | AAMഹെയർകട്ടിങ്ങ് സലൂൺ | - |
| | | ഫ്ലവേഴ്സ് ഫാൻസി & ഫുട് വെയർ | - |
| 2 | 14/459 കരിമ്പനയ്ക്കൽ ബിൽഡിങ്ങ്സ് | കെ.ജെ.തോമസ് മെമ്മോറിയൽ സഹകരണ ആശുപത്രി & മെഡിക്കൽ സ്റ്റോർ | - |
| | | അന്നാസ് ടെക്സ്റ്റൈൽസ് | - |
| | | ആഷ്ന ക്ലിനിക്കൽ ലബോറട്ടറി | |

കൂടാതെ മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് കച്ചവടസ്ഥാപനങ്ങൾ നിയമപ്രകാരമുള്ള ലൈസൻസ് എടുത്തിട്ടുണ്ടോയെന്നുള്ള കാര്യം അടിയന്തിരമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-9 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2015-16 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്/തസ്തിക | സ്ഥാപനം | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | അമല ഫ്യൂവൽസ് വെള്ളരിക്കുണ്ടിലെ ജീവനക്കാർ | അമല ഫ്യൂവൽസ്, വെള്ളരിക്കുണ്ട് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | ക്ഷീരോൽപ്പാദക സംഘം വെള്ളരിക്കുണ്ടിലെ ജീവനക്കാർ | ക്ഷീരോൽപ്പാദക സംഘം,വെള്ളരിക്കുണ്ട് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോൽപ്പാദക സംഘം കൊന്നക്കാടിലെ ജീവനക്കാർ | ക്ഷീരോൽപ്പാദക സംഘം,കൊന്നക്കാട് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | ക്ഷീരോൽപ്പാദക സംഘം ബളാലിലെ ജീവനക്കാർ | ക്ഷീരോൽപ്പാദക സംഘം, ബളാൽ | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | ജോണി തോമസ് | ബിൽഡിംങ് സൂപ്പർവൈസർ | 2015-16 രണ്ടാം അർദ്ധവർഷം |
| 6 | സെ.തോമസ് മെഡിക്കൽ സെന്റർ വെള്ളരിക്കുണ്ടിലെ ജീവനക്കാർ | സെ.തോമസ് മെഡിക്കൽ സെന്റർ, വെള്ളരിക്കുണ്ട് | 2015-16 ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | ജിയോയ എം ജോർജ്ജ് എച്ച്.എസ്.എ | ജി.എച്ച്.എസ് മാലോത്ത് കസബ | 2015-16,രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 27-12-2016 )

## 2-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരം / തൊഴിലാളികളം തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്.തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനം അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻ കോർപ്പ്, മാലോം | 2015-16 ഒന്നം,രണ്ടും അർദ്ധവർഷം |
| 2 | അമല ഫ്യൂവൽസ്, വെള്ളരിക്കുണ്ട് | 2015-16 ഒന്നം,രണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോൽപ്പാദക സംഘം,വെള്ളരിക്കുണ്ട് | 2015-16 ഒന്നം,രണ്ടും അർദ്ധവർഷം |
| 4 | ക്ഷീരോൽപ്പാദക സംഘം,കൊന്നക്കാട് | 2015-16 ഒന്നം,രണ്ടും അർദ്ധവർഷം |
| 5 | ക്ഷീരോൽപ്പാദക സംഘം,ബളാൽ | 2015-16 ഒന്നം,രണ്ടും അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 27-12-2016 )

## 2-11 നികുതി പിരിവ് - ഫ്രണ്ട് ഓഫീസ് വഴി അടവാക്കിയില്ല

നികുതി പിരിക്കാനായി ക്ലർക്കിന് നൽകിയ രശീതി ബുക്ക് വഴി പിരിച്ചെടുത്ത താഴെക്കൊടുത്തിരിക്കുന്ന തുകകൾ ഫ്രണ്ട് ഓഫീസിൽ രശീതി മുറിക്കാതെ തൊട്ടടുത്ത ദിവസങ്ങളിലായി നേരിട്ട് ബാങ്കിൽ അടവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| രശീതി ബുക്ക് നം. & തീയ്യതി | പിരിച്ചെടുത്ത തുക | ബാങ്കിൽ അടവാക്കിയ തീയ്യതി |
|---|---|---|
| രശീതി ബുക്ക് നമ്പർ-10175,രസീത് നമ്പർ 37/ തീയ്യതി 17-03-2016 | 31,475 | 18-03-2016 |
| രശീതി ബുക്ക് നമ്പർ-10175,രസീത് നമ്പർ 38/ തീയ്യതി 18-03-2016 | 27,270 | 19-03-2016 |
| രശീതി ബുക്ക് നം.28425/68 തീ.23.08.2016 | 125/- | 25.08.2016 |

പഞ്ചായത്തിലേക്കുള്ള എല്ലാ വിധ നികുതി വരവുകളും സാംഖ്യ അക്കൗണ്ടിംങ് സോഫ്റ്റ് വെയർ മുഖാന്തിരം മാത്രമേ നടത്താവൂ എന്നിരിക്കേ ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സവിശേഷ ശ്രദ്ധ ചെലുത്തേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ -3/ 23-12-2016 )

## 2-12 സാംഖ്യാ രശീതി സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ

2015-16 ഓഡിറ്റ് വർഷത്തിലെ സാംഖ്യാ രശീതി സ്റ്റേഷനറി സ്റ്റോക്ക് രശീതികളുടെ പരിശോധന കാലയളവിൽ സാംഖ്യാ രശീതികൾ സ്റ്റോക്ക് രജിസ്റ്ററിൽ അവയുടെ ആകെ സ്റ്റോക്ക് ,സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ദിവസേന ഉപയോഗിക്കുന്ന സാംഖ്യാ രശീതികളുടെ എണ്ണം അവയുടെ ബാലൻസ് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.സാംഖ്യാ രശീതികളുടെ ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-13 ഡി ആന്റ് ഒ ലൈസൻസ് ഫീ - ഈടാക്കിയതിൽ കുറവ്.

2015-16സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരണവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്ന വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച | സ്ഥാപനത്തിന്റെ സ്വഭാവം & | ഒരു ദിവസത്തെ | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന |
|---|---|---|---|---|---|

| വ്യാപാരിയുടെ പേര്,(ഡി. & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ) | കെട്ടിട നമ്പർ | വിറ്റ് വരവ് (അപേക്ഷ പ്രകാരം ) | | | തുക |
|---|---|---|---|---|---|
| ജിമ്മി ജോസഫ് 315/15-16 | മലഞ്ചരക്ക് വ്യാപാരം XIV- 355,356 | 50,000 | 1,000 | ₹100 (Rt.No.11501103671/ 03-03-16) | 900 |
| സോണി അലക്സ് S/o കുര്യൻ 233/15-16 | മലഞ്ചരക്ക് വ്യാപാരം XI-509 B | 25,000 | 500 | ₹100 (Rt.No.11501102189/ 26-10-15) | 400 |
| | | | | | 1,300 |

ഡി.&ഒ. ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ട 1,300/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ -6/ 27-12-2016 )

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാർഷിക കണക്ക് പ്രകാരമുള്ള ബാദ്ധ്യത- കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കുന്നില്ല -അപാകതകൾ

ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു,

| കോഡ് | ഇനം | 2014-15 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബാദ്ധ്യത ഉണ്ടായിരുന്ന തുക (B-4) | 2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ബാദ്ധ്യത ഉണ്ടായിരുന്ന തുക (B-4) |
|---|---|---|---|
| 320100101 | Centrally sponsored scheme – Mahatma Gandhi National Rural Employment Guarantee Act Scheme | 57,557 | 19,563 |
| 320100115 | Centrally sponsored scheme – Total Sanitation Campaign | 1,60,000 | 1,78,000 |
| 320100116 | Centrally sponsored scheme – Sarva Siksha Abhiyan | 63,772 | 63,772 |
| 320100119 | Centrally sponsored scheme – Western Ghat Development Scheme | 1,66,216 | 1,73,381 |
| 320100121 | Centrally sponsored scheme – Integrated Child Development Scheme | 7,49,563 | 7,34,131 |
| 320100199 | Centrally sponsored scheme – Grant, fund & contributions for specific purposes -central govt. | 40,497 | 42,083 |

| | | | |
|---|---|---|---|
| 320100299 | Grant, fund & contributions for specific purposes – other central Govt. Grant – other grants | 4,89,950 | -- |
| 320200101 | Development Fund – General- Capital | 6,12,399 | -- |
| 320200102 | Development Fund – Special component fund - Capital | 16,95,203 | -- |
| 320200104 | Development Fund – Central Finance commission Grant | 17,09,037 | -- |
| 320200105 | Development Fund – KSGSDP Grant - capital | 41,06,905 | -- |
| 320200106 | Development Fund – Special Grant - cpital | 4,82,455 | -- |
| 320200108 | Maintanance fund Road Asset | 17,17,159 | -- |
| 320200109 | Maintanance fund Non-road Assets | 8,76,066 | -- |
| 320200399 | Grants, Funds & Contributions for specific purposes other than Development Fund and State Sponsored | 2,00,000 | 8,00000 |
| 320300102 | Grants, Funds & Contributions for Specific purposes – other Government agencies - Jalanidhi | 34,35,432 | 6,06,574 |
| 320300103 | Grants, funds & contributions for specific purposes – other govt. Agencies- total sanitation | -- | 1,46,000 |
| 320300199 | Grants, funds & contributions for specific purposes – other govt. Agencies | -- | 10,40,000 |
| 320700104 | Contributions for Joint Venture Projects (for capital Expenditure) – from Block Panchayats | 1,95,691 | 1,95,691 |
| 320700105 | Contributions for Joint Venture Projects (for capital Expenditure) – from District Panchayats | 10,00,000 | 10,00,000 |
| 320700204 | Contributions for Joint Venture Projects (for Revenue Expenditure) – from Block Panchayats | 140150 | 140150 |

| | | | |
|---|---|---|---|
| 320700205 | Contributions for Joint Venture Projects (for Revenue Expenditure) – from District Panchayats | 4,100 | 14,100 |
| 320700404 | Contributions for Other specific purposes(for revenue expenditure)- from Block Panchayats | 1,52,049 | 1,52,049 |
| 320800101 | Beneficiary contribution | -- | 4,56,072 |
| 320800199 | Other Grants, Funds & contributions for specific purposes – capital | 66,67,500 | 41,67,500 |
| | Total Grants & contributions for specific purposes | 2,47,21,701 | 99,29,066 |

2014-15-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരം ബാധ്യത 2,47,21,701 രൂപയായിരുന്നു എന്നാൽ 2015-16-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4പ്രകാരം ബാധ്യതയായി 99,29,066 രൂപയാണ് കാണിച്ചിട്ടുള്ളത്.എന്നാൽ ബാധ്യത കുറക്കുന്ന ഒരു പ്രവർത്തിയും 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയെന്ന് കാണിച്ച് ബാധ്യത കുറവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ബാധ്യതയിൽ കുറവ് വരുത്തുന്നതിനു വേണ്ടി പഞ്ചായത്ത് ഭരണസമിതിയുടെ അനുമതി ലഭിച്ചതിനും രേഖകളില്ല. 2015-16 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം ക്യാഷ്&ബാങ്ക് നീക്കിയിരിപ്പ് 23,58,876 രൂപ മാത്രമാണ്, ബാധ്യതയായി കാണിച്ചിട്ടുള്ള തുകകയുടെ 25% പോലും ക്യാഷ്&ബാങ്ക് ബാലൻസില്ല. ഈ വിഷയത്തിൽ വിശദമായ ഒരു അന്വേഷണം നടത്തേണ്ടതാണ്.

## 3-2 വാർഷിക ബജറ്റ് അംഗീകരിക്കൽ - നിയമാനുസൃത നടപടികൾ കൈക്കൊണ്ടിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് വരുന്ന വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബഡ്ജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതെങ്ങനെയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2015 - 16 സാമ്പത്തിക വർഷത്തിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ബഡ്ജറ്റ് അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. 11.03.2015 തീയ്യതിയിൽ നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ തീരുമാനിച്ചുവെങ്കിലും, ബജറ്റ് ചർച്ച ചെയ്തതിന്റെയും, പ്രതീക്ഷിത വരവ് ചെലവ് വിശദാംശങ്ങളും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 23.03.2015 ലെ ഭരണസമിതി യോഗത്തിൽ (തീരുമാനം നമ്പർ-1) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരിപ്പിച്ചതല്ലാതെ വിശദമായ ബജറ്റ് ചർച്ച നടത്തിയതായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ബജറ്റ് സംഗ്രഹ പ്രകാരമുള്ള വരവ് ചെലവ് കണക്ക് പൊരുത്തപ്പെടുന്നുമില്ല.(മുന്നിരിപ്പ്-15,45,423,വരവ്-23,24,99,835,ചെലവ് -22,98,85,347,നീക്കിയിരിപ്പ്- 26,14,488). ബജറ്റ് സംബന്ധിച്ച മറ്റ് വിശദാംശങ്ങളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ, ചട്ടം 71(1) പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടത് അക്രൂവൽ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രസ്തുത രീതി പ്രകാരം ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

3. സമാഹൃത ബജറ്റ് എസ്റ്റിമേറ്റിന്റെ കൂടെ റവന്യൂ വരവ് ചെലവ്, മൂലധന വരവ് ചെലവ്, വായ്പ തിരിച്ചടവ്, വായ്പകൾ, മുൻകൂറുകൾ, ഡെപ്പോസിറ്റുകൾ, റിക്കവറികൾ, നിക്ഷേപങ്ങൾ തുടങ്ങിയവ സംബന്ധിച്ച പത്രികകൾ കൂടി ഉണ്ടായിരിക്കണം. എന്നാൽ മേൽ പത്രികകൾ ഓഡിറ്റിന് പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല.

4. 2014-15 ലെ വാർഷിക ബജറ്റ് പ്രകാരം പഞ്ചായത്തിൽ നീക്കിയിരിപ്പായിട്ടുണ്ടായിരുന്ന തുക 1,55,72,400 രൂപയാണ്. (ഈ തുക വർഷത്തെ ബജറ്റ് മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല).വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ച്

ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകളിലെ വരവും, ചെലവും, ബജറ്റ് പ്രകാരമുള്ള അനുമാന രേഖപ്പെടുത്തലുകളും തമ്മിൽ വളരെ വ്യത്യാസം കാണുന്നു. ബജറ്റ് പ്രകാരം 2015-16 മുന്നിരിപ്പായിട്ടുള്ള തുക 15,45,423-/ രൂപയാണ്. വരവ് 23,24,99,835രൂപയും ചെലവ് 22,98,85,347രൂപയും (ഭരണ സമിതി മിനിട്സ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം) ആണ്. എന്നാൽ യഥാർത്ഥത്തിൽ വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് 2,13,74,007 രൂപയും, വരവ് 9,48,46,510 രൂപയും ചെലവ് 11,38,61,641രൂപയും ആണ്. ഇതിൽ നിന്നും പഞ്ചായത്തിന്റെ വരവ് ചെലവുകൾ എസ്റ്റിമേറ്റ് ചെയ്യാൻ ധനകാര്യ വിഭാഗത്തിന് കഴിഞ്ഞില്ല എന്ന് കാണാവുന്നതാണ്. സംസ്ഥാന ബജറ്റിന്റെ നാലാം ഉപപട്ടികയിൽ ഓരോ വർഷവും വിവിധ മേഖലകളിൽ ചെലവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ ലഭ്യമാകുകയും ആയതിന്റെയടിസ്ഥാനത്തിൽ വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ബജറ്റ് തയ്യാറാക്കണം എന്നിരിക്കേ ബജറ്റും, വാർഷിക കണക്കും പരസ്പര പൂരകമല്ലാതെ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ ലംഘനമാണ്.

5)16.11.2013ലെ(എം.എസ്)362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക നം -14) ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ അംഗീകാരം ലഭിച്ചയുടനെ പദ്ധതി കൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

## 3-3 ബയോഡൈവേഴ്സിറ്റി രജിസ്റ്റർ -ചെലവ് രേഖകൾ ഹാജരാക്കിയില്ല-പദ്ധതി അംഗീകാരം- അവ്യക്തത

2015-16 വർഷം വികസനഫണ്ടിൽ നിന്നും 1,18,460 രൂപ (ട്രഷറി ബിൽ.നം.1/31-7-2015 ₹61,500 & 21/30-06-16 ₹56,960) ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട് . ജില്ലാ ആസൂത്രണ സമിതിയുടെ ആദ്യഘട്ട ഉത്തരവിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിരുന്നുവെങ്കിലും ആന്തിമ ഉത്തരവിൽ നിന്നും പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഒഴിവായിപ്പോയതായി കാണുകയുണ്ടായി. പദ്ധതിപ്രകാരം തയ്യാറാക്കിയ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ അല്ലാതെ പദ്ധതി ചെലവ് സാധൂകരിക്കുന്ന യാതൊരു ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷന് (നം. 5 തി.26-12-16) 29.12.16 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ 2014-15 വർഷം 101/14-15 നമ്പറായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കുവാൻ സാധിക്കാത്തതിനാൽ 2015-16വർഷം സ്പിൽ ഓവറായി പദ്ധതി നടപ്പാക്കുവാൻ തീരുമാനിക്കുകയും ഭരണസമിതിയുടെ 4/24-04-15നമ്പർ തീരുമാനപ്രകാരം 135/15-16 നമ്പറായി പദ്ധതി രൂപികരിക്കുകയും ആയത് ജില്ലാ ആസൂത്രണ സമിതി ആദ്യഘട്ട ഉത്തരവിൽ അംഗീകരിച്ചിരുന്നുവെന്നും, എന്നാൽ സാങ്കേതിക കാരണങ്ങളാൽ ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ പ്രൊസീഡിംഗ്സിൽ നിന്നും, ഐ.കെ.എം ചെലവ് പത്രികയിൽ നിന്നും പ്രസ്തുത പ്രൊജക്റ്റ് സംബന്ധിച്ച് വിവരങ്ങൾ ഒഴിവായിപ്പോയതാണെന്നും, ആയതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതാണെന്നും സൂചിപ്പിക്കുകയുണ്ടായി. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ട ചുമതലയും നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട് . മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ ഉത്തരവിൽ നിന്നും പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഒഴിവാകുവാനുണ്ടായ സാഹചര്യം പരിശോധിച്ച് ആസൂത്രണ സമിതിയിൽ നിന്നും ഇതു സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പരാമർശിച്ചപ്രകാരം നടത്തിയ 1,18,460 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ -ഐ.കെ.എം പരിശോധനസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2015-16 വർഷം നടപ്പിലാക്കിയ Pro.No.206/16 (പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ ,യു.പി.എസ്. വയറിങ്ങ് ) പദ്ധതിപ്രകാരം തനതു ഫണ്ടിൽ നിന്നും 3,90,685 രൂപ (Bill.No.676/31-03-16) കെൽട്രോണിന് നൽകിയിട്ടുണ്ട്. സ.ഉ.(സാധ)നം.1838/12തസ്വഭവ തിയതി 03-07-2012 ലെ ഖണ്ഡിക 5 ലെ നിർദ്ദേശപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. മേൽ സർക്കാർ ഉത്തരവിൽ ഐ.കെ.എം നൽകുന്ന സാങ്കേതിക നിർദ്ദേശങ്ങൾ അനുസരിച്ച് കെൽട്രോൺ മുഖേന പദ്ധതി നടപ്പാക്കാമെന്നാണ് പരാമർശിച്ചിട്ടുള്ളത്. പദ്ധതിച്ചെലവ് സംബന്ധിച്ച് കെൽട്രോൺ കണ്ണൂർ നൽകിയ ബില്ല് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഐ.കെ.എം നല്കുന്ന സാങ്കേതിക നിർദ്ദേശങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് കെൽട്രോൺ പൂർത്തീകരിച്ച പ്രവൃത്തി ഐ.കെ.എം സാങ്കേതിക വിദഗ്ദർ മുഖേന പരിശോധിച്ച് നിർദ്ദിഷ്ട സ്പെസിഫിക്കേഷനൽ തന്നെയാണ് നിർഹിക്കപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച് സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയതുവരെ പദ്ധതിയ്ക്കായി നടത്തിയ 3,90,685 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 അച്ചടിജോലികൾ -ആദായ നികുതി ഈടാക്കിയിട്ടില്ല -മറ്റ് അപാകതകൾ

1)ഓഡിറ്റ് വർഷം വിവിധ പദ്ധതി പദ്ധതിയേതര ആവശ്യങ്ങൾക്കായി നോട്ടീസുകൾ, ഫോമുകൾ, ലെറ്റർപാഡുകൾ തുടങ്ങിയവ അച്ചടിക്കുന്നതിലോയ്ക്കായി വിവിധ ബില്ലുകൾ പ്രകാരം ₹ 1,68,384 റിങ്കു മാത്യു വെള്ളരിക്കുണ്ട് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.

| ചെക്ക് നമ്പർ -തിയതി | തുക | ഇനം |
|---|---|---|
| 036426/14-09-15 | ₹41,268 | വിവിധ നോട്ടീസുകൾ ,ഫോറങ്ങൾ |
| 68013/02-12-15 | ₹62,607 | ഇലക്ഷൻ ഫോറങ്ങൾ |
| 68145/27-01-16 | ₹33,480 | വിവിധ നോട്ടീസുകൾ ,ഫോറങ്ങൾ |
| 68254/19-03-16 | ₹31,029 | വിവിധ നോട്ടീസുകൾ ,ഫോറങ്ങൾ |
| ആകെ | ₹1,68,384 | |

കേന്ദ്ര ആദായ നികുതി നിയമം സെക്ഷൻ 194 c പ്രകാരം ഒരു സാമ്പത്തിക വർഷം 75,000 രൂപയിൽ അധികരിക്കുന്ന കരാറുകൾ ഏറ്റെടുത്തിട്ടുള്ളവരിൽ നിന്നും 1% ആദായ നികുതി സ്രോതസ്സിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അച്ചടി വേലകൾ കരാറെടുത്തിട്ടുള്ള വ്യക്തിക്ക് മേൽപ്രകാരം പ്രതിഫലം നൽകിയിട്ടുണ്ടെങ്കിലും നിയമ പ്രകാരം ഈടാക്കേണ്ടിയിരുന്ന ആദായ നികുതി ഈടാക്കിയിട്ടില്ല. ആദായ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 1,690 രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്.

2) മേൽപ്രകാരം അച്ചടിച്ച് പഞ്ചായത്തിന് ലഭ്യമാകുന്ന വിവിധ ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങിയ ഇനങ്ങളുടെ വരവ് , വിതരണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ കത്യമായി ചേർത്ത് കാണുന്നില്ല. മേൽ പരാമർശിച്ച തുകയിൽ ഉൾപ്പെട്ട ₹ 33,480 (ചെ.നം.68145/27-01-16 ) യുടെ ക്യാഷ് രസീതിൽ വിവിധ ഫോമുകൾ നോട്ടീസുകൾ എന്നിവ ലഭ്യമായതിൽ 600 എണ്ണം എം.ബുക്കുകൾ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ എം.ബുക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാകുന്നതുവരെ വിവിധ ഫോറങ്ങൾ നോട്ടീസുകൾ എന്നിവ അച്ചടിച്ച വകയിൽ ഓഡിറ്റ് വർഷം ചെലവഴിച്ച ₹1,68,384രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും വിവിധ രജിസ്റ്ററുകൾ , ഫോറങ്ങൾ, എന്നിവ വാങ്ങിയത് വിതരണ വിവരങ്ങൾ ലഭ്യമല്ല.

Bill.No.315/30-09-15 പ്രകാരം 1,59,341രൂപ വിനിയോഗിച്ച് ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും വിവിധ രജിസ്റ്ററുകൾ, ഫോമുകൾ, എന്നിവ ലഭ്യമായത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ വിതരണം , നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ലഭ്യമാവുന്ന വിവിധ രജിസ്റ്ററുകൾ, ഫോമുകൾ, സ്റ്റേഷനറി ഇനങ്ങൾ തുടങ്ങിയവ സ്റ്റോക്കിലെടുത്ത ശേഷം വിതരണം ചെയ്യുമ്പോൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ ജനപ്രതിനിധികൾ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിൽ ലഭ്യമായ രജിസ്റ്ററുകളുടേയും ഫോമുകളുടേയും കൃത്യമായ കണക്കെടുപ്പ് നടത്തിയ ശേഷം വരും

വർഷത്തേയ്ക്കുള്ള ആവശ്യകത നിർണ്ണയിച്ച ശേഷം മാത്രമേ ഭാവിയിൽ ഈയിനങ്ങളുടെ വാങ്ങൽ നടപടികൾ സ്വീകരിക്കാവൂ. മേൽ പ്രകാരം വാങ്ങിയ രജിസ്റ്ററുകൾ, ഫോമുകൾ, എന്നിവ വിതരണം ചെയ്തതിന്റെ കൃത്യമായ കൈപ്പറ്റ് രേഖകളും , വിനിയോഗിക്കുവാൻ അവശേഷിക്കുന്നവയുടെ കൃത്യമായ കണക്കും തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-7 ഹിൽ ട്രാക്ട് അലവൻസ് - വകുപ്പ് തല ഉത്തരവ് ഹാജരാക്കിയില്ല.

മലയോര- വിദൂര പ്രദേശങ്ങളിൽ ജോലി നോക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം കണക്കാക്കുന്നതിനായി പ്രസ്തുത പ്രദേശങ്ങൾ അതാത് വകുപ്പുകൾ പ്രത്യേകം നിർവ്വചിക്കണമെന്ന് 27-07-2000ലെ ജി.ഒ.(പി) 13/2000/ഉ.പ.ഭ.വ .പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ റവന്യു വകുപ്പിലെ ജീവനക്കാർക്കായി മലയോര-വിദൂര പ്രദേശങ്ങൾ നിർവ്വചിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. (31-01-2015ലെ ജി.ഒ.(പി) 13/2005/RD). പ്രസ്തുത ഉത്തരവിൽ ബളാൽ വില്ലേജ് ഉൾപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർ 2016 ഫെബ്രുവരി മാസം വരെയുള്ള ഹിൽട്രാക്ട് അലവൻസ് കുടിശ്ശികയുൾപ്പടെ കൈപ്പറ്റിയിട്ടുണ്ട്. ( ചെക്ക്.നം.068255/19-03-16 ₹54,236) . തുടർന്ന് ചില മാസങ്ങളിലും തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മലയോര-വിദൂരമേഖല നിർവ്വചിച്ച കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇക്കാര്യം പരിശോധിച്ച് ഹിൽട്രാക്ട് അലവൻസ് സംബന്ധിച്ച് ബളാൽ വില്ലേജ് മലയോര- വിദൂരമേഖലയായി നിർണ്ണയിച്ച കൊണ്ടുള്ള സർക്കാർ/ വകുപ്പുതല ഉത്തരവുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ മേൽ പ്രകാരം നടത്തിയ 54,236 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ വകുപ്പുതല ഉത്തരവുകൾ ലഭ്യമല്ലാത്ത പക്ഷം കൈപ്പറ്റിയ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ചെയ്യാത്ത പ്രവൃത്തിക്ക് അളവ് കണക്കാക്കി തുക നൽകി -അപാകതകൾ

ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ഓഡിറ്റിന്റെ ഭാഗമായി, ഓഡിറ്റ് വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളുടെ ഭൗതിക പരിശോധന 28-12-16 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ നടത്തുകയുണ്ടായി. പരിശോധനയിൽ കാറളം അങ്കണവാടി, കൊന്നക്കാട് അങ്കണവാടി, എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേരും വിശദവിവരവും | അപാകങ്ങൾ |
|---|---|
| 1) കാറളം അങ്കണവാടി കെട്ടിടം മെയിന്റനൻസ് & ഇന്റർലോക്ക് പ്രോജക്ട് നമ്പർ- SO.122/16<br>അടങ്കൽ- 1,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>അളവുപുസ്തകം നമ്പർ- 90/15-16<br>ബിൽ നമ്പർ-<br>76/31-03-16,50,000/- രൂപ<br>78/31-03-16,33,148/- രൂപ<br>കരാറുകാരന്റെ പേര് - വി.ഡി. സബാസ്റ്റ്യൻ | എസ്റ്റിമേറ്റിലെ ഇനം 3 പ്രകാരം (അളവുപുസ്തകം 90/15-16 പേജ് 1,2) 60 mm കനത്തിലുള്ള കോൺക്രീറ്റ് ഇന്റർലോക്ക് 48.52M2 സ്ഥലത്ത് M2 ന് 820.14രൂപ പ്രകാരം പാകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ 45.60M2 സ്ഥലത്ത് മാത്രമാണ് പാകിയിട്ടുള്ളത്. ആയത് പ്രകാരം 2.92M2 ( 48.52M2 - 45.60M2= 2.92) കുറവാണ്. പ്രസ്തുത സ്ഥലത്ത് ഇന്റർലോക്ക് പാകിയതിന് 2,394.80 രൂപ അധികം നല്കിയത് ( 2.92M2X 820.14രൂപ ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. |
| 2) കൊന്നക്കാട് അങ്കണവാടി പുനരുദ്ധാരണം<br>പ്രോജക്ട് നമ്പർ- SO.122/16<br>അടങ്കൽ- | എസ്റ്റിമേറ്റിലെ ഇനം 7 പ്രകാരം (അളവുപുസ്തകം 67/15-16 പേജ് 3) ജനൽ വാതിലുകളുണ്ടാക്കുന്നതിന് താഴെ കൊടുത്തതുപ്രകാരം തുക നൽകിയിട്ടുണ്ട്.<br>1 X 2 X1.07 X 0.35 = 0.75 dm2 @ 366/10 dm2 |

| | |
|---|---|
| 1,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>അളവുപുസ്തകം നമ്പർ- so.67/15-16<br>ബിൽ നമ്പർ-<br>69/14-15 82,374/- രൂപ<br>കരാറുകാരന്റെ പേര് - എം.ജെ.സിറിയക്ക് | 0.75 dm2 X 366/ 10 dm2= 2,745 രൂപ<br>എന്നാൽ സ്ഥല പരിശോധനയിൽ ഈയിനം പ്രവൃത്തി ചെയ്തിട്ടില്ല.ആയതിനാൽ 2,745 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കാതെ തുക നൽകിയ നടപടി ക്രമരഹിതമാണ്. |

മേൽ ക്രമ നമ്പർ ഒന്ന്,രണ്ട് എന്നിവയിൽ പരാമർശിച്ച പ്രകാരം ചെയ്യാത്ത പ്രവൃത്തികളുടെ പേരിൽ അളവ് കണക്കാക്കി കരാറുകാർക്ക് അനുവദിച്ച 5,140 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-9 ഇം.എസ് ഭവന പദ്ധതി വായ്പ-ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ലോൺ അക്കൗണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം.

2015-16 നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ നടപ്പാക്കിയ പ്രൊജക്ട് നം.38/16 പ്രകാരം ഇ.എം.എസ്. വായ്പാ തിരിച്ചടവിനായി ട്രഷറി ബിൽ .നം. 8/18-09-2015 പ്രകാരം 16,20,000 നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിക്കുകയും അതേ ദിവസം തന്നെ പദ്ധതി തുകകൾ നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ( അക്കൗണ്ട് നമ്പർ. 33406777095. SBI, വെള്ളരിക്കുണ്ട് ) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 27-11-2015 ന് മേൽ തുക പിൻവലിക്കുകയും കാസറഗോഡ് ജില്ലാ ബാങ്കിന് നൽകുവാൻ ഡി.ഡി എടുക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് 17-12-15 നാണ് കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് വെള്ളരിക്കുണ്ട് ശാഖയിലെ ഇ.എം.എസ് ലോൺ അക്കൗണ്ടിൽ പ്രസ്തുത തുക വരവ് വെക്കപ്പെട്ടിട്ടുള്ളത്. ട്രഷറിയിൽ നിന്നും തുക പിൻവലിച്ചശേഷം 90 ദിവസത്തിനു ശേഷമാണ് തുക ഇ.എം.എസ് ലോൺ അക്കൗണ്ടിൽ വരവ് വെക്കപ്പെട്ടിട്ടുള്ളത് . വെള്ളരിക്കുണ്ട് ട്രഷറിയിൽ നിന്നും കേവലം വിളിപ്പാടകലെയുള്ള ജില്ലാ സഹകരണ ബാങ്ക് ശാഖയിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക അതേ ദിവസമോ തൊട്ടടുത്ത ദിവസമോ നിക്ഷേപിക്കാമെന്നിരിക്കെ പ്രസ്തുത തുക നിക്ഷേപിക്കാൻ 90 ദിവസം വൈകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ 27-11-2015 ന് ഡി.ഡി എടുത്ത് നൽകിയെങ്കിലും ആയത് ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുവാൻ വീണ്ടും ഇരുപത് ദിവസംകൂടി വേണ്ടിവന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി.നിലവിൽ പത്ത് ശതമാനം നിരക്കിലാണ് സംസ്ഥാന സർക്കാർ പ്രസ്തുത വായ്പയ്ക്ക് പലിശ ഒടുക്കുന്നത് . മേൽ പരാമർശിത തുക ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കാൻ വൈകിയതിനാൽ ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ഡി.ഡി എടുക്കുന്നതുവരെയുള്ള 71 (18-09-15 to 27-11-15) ദിവസത്തേയ്ക്കുള്ള പലിശയിനത്തിൽ 31,512. രൂപ (16,20,000/10=1,62,000x71/365) സംസ്ഥാന സർക്കാരിന് ബാദ്ധ്യതയായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നടപടികൾ സ്വീകരിക്കാതിരുന്നതിനാലാണ് ഇത്തരത്തിൽ സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ടാകേണ്ടിവന്നത്. ആയതിനാൽ പ്രസ്തുത തുക (31,512. രൂപ) ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, വിവരം സംസ്ഥാന സർക്കാരിനെയും , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും ധരിപ്പിക്കേണ്ടതുമാണ് .

## 3-10 നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ,സർക്കാർ നിർദ്ദേശപ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല- മറ്റ് അപാകതകൾ

G.O(P) No.177/ 2006 dt.12-04-2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് സൂക്ഷിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണഉദ്യോഗസ്ഥൻ വി.ഇ.ഒ നാളിതുവരെ ഇതുപ്രകാരമുള്ള (form-7A) കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ധനവിനിയോഗവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുപയോഗിക്കുന്ന ചെക്ക് ഇഷ്യൂ രജിസ്റ്റർ യഥാസമയം എഴുതി സൂക്ഷിക്കുന്നില്ല. ട്രഷറി ബിൽ പകർപ്പിനൊപ്പം ഓരോ ബില്ല് പ്രകാരമുള്ള തുകയും ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് നൽകേണ്ടത് എന്ന് സൂചിപ്പിക്കുന്ന ഗുണഭോക്തൃ പട്ടിക സൂക്ഷിച്ചിട്ടില്ല .ഓഡിറ്റ് വർഷത്തെ വരവ് ചെലവ് വിവരങ്ങൾ രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, 2016-17 വർഷത്തെ വരവ് ചെലവ് വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ നാളിതുവരെയായിട്ടും രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന മേൽ രജിസ്റ്ററിൽ അവസാനം രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളത് 14-06-16നാണ് . പ്രസ്തുത ദിവസത്തെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 4,90,178 രൂപയെന്നാണ്. എന്നാൽ ഇതേ ദിവസം നിർവ്വഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കയിരിപ്പ് 7,16,231 രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തി റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല കൂടാതെ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുക ഏതൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകതകൾ പരിഹരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് 2015-16 വർഷത്തെ കാഷ് ബുക്ക് നിർദ്ദിഷ്ടമാതൃകയിൽ എഴുതി മാസാന്ത്യ-വർഷാന്ത്യ ക്ലോസിങ് നടത്തി ബാങ്ക് അക്കൗണ്ടുമായി റികൺസിലിയേഷൻ നടത്തി പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ യാതൊരു തുകയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല എന്നുള്ള മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം കർശനമായി പാലിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച് ഒരുമാസത്തിലുമധികമായി ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകകൾ ഉണ്ടെങ്കിൽ എത്രയും വേഗം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-11 ബയോഗ്യാസ് പ്ലാന്റ് വിതരണം-വികസനഫണ്ട് വിഹിതം മുൻകൂട്ടി പിൻവലിച്ചു-പദ്ധതി പൂർത്തീകരിച്ചില്ല

ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് വിതരണ പദ്ധതി (പ്രൊ.നം.143/16) നടത്തിപ്പുമായി ബന്ധപ്പെട്ട് ട്രഷറി ബിൽ.നം 28/ 31-03-2015 പ്രകാരം 2,00,750 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകരിച്ച പദ്ധതി പ്രകാരം ആകെ അടങ്കൽ 8,03,000രൂപയാണ് ( വികസനഫണ്ട് -ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ₹ 2,00,750, TSC വിഹിതം ₹ 4,01,500, ഗുണഭോക്തൃ വിഹിതം ₹ 2,00,750). അംഗീകരിച്ച പദ്ധതിപ്രകാരം 73 ഗുണഭോക്താക്കൾക്കാണ് അനുകൂല്യം നൽകേണ്ടിയിരുന്നത്. ഇതിൻ പ്രകാരം 2015-16 വർഷം 31 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കുകയുണ്ടായി. വിതരണ സ്ഥാപനം റെയ്ഡ്കോ നൽകിയ ബിൽ പ്രകാരം 30 പ്ലാന്റുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ 73 ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള വികസന ഫണ്ട് വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിക്കുകയാണ് ഉണ്ടായത്. യഥാർത്ഥത്തിൽ 30 ഗുണഭോക്താക്കൾക്ക് വേണ്ടി 82,500 രൂപ മാത്രമായിരുന്നു വികസനഫണ്ടിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്. ഇതു മൂലം 1,18,250 രൂപ വികസനഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. ഭാവിയിൽ വരാവുന്ന ചെലവ് പ്രതീക്ഷിച്ച് പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ യാതൊരു തുകയും ട്രഷറിയിൽ നിന്നും പിൻവലിക്കുവാൻ പാടുള്ളതല്ല എന്ന G.O.(P) No.177/ 2006 dt.12-04-2006 ലെ നിർദ്ദേശം ലംഘിക്കപ്പെട്ടിരിക്കുകയാണ്.

2) മേൽ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 2,00,750 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ചെ.നം 216948/26-04-16 പ്രകാരം പിൻവലിച്ച് റെയ്ഡ്കോ കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ലഭ്യമാക്കിയ ബിൽ പ്രകാരം 30 ബയോഗ്യാസ് പ്ലാന്റുകളാണ് റെയ്ഡ്കോ സപ്ലൈ ചെയ്തത്.(ഇൻവോയ്സ് നം.3538 തി.02-03-2016). മേൽ പ്രകാരം ലഭിച്ച പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൃത്യമായ കൈപ്പറ്റ് രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതവും 85,250 രൂപയും ടി.എസ്.സി വിഹിതം ഇനത്തിൽ ലഭിച്ച 1,46,000 രൂപയും ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ സ്ഥിതി ചെയ്യുകയാണെന്നും, സ്പിൽ ഓവർ പദ്ധതിയായി 2016-17 വർഷം പദ്ധതി പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ 29-12-16 ന് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

4) റെയ്ഡ്കോ നൽകിയ ബിൽ പ്രകാരം പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് 11,000 രൂപയാണ് . ഇത് ശുചിത്വ മിഷൻ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

5) പദ്ധതി പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .സാധിക്കാത്ത പക്ഷം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ സ്ഥിതിചെയ്യുന്ന ഗുണഭോക്തൃ വിഹിതം, ടി.എസ്.സി വിഹിതം എന്നിവയിൽ നിന്നും വികസനഫണ്ടിൽ

നിന്നും അധികം പിൻവലിച്ച തുകയ്ക്ക് സമാനമായ തുക (1,18,250) പിൻവലിച്ച് സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്നതു വരെ വികസനഫണ്ടിൽ നിന്നും നടത്തിയ 2,00,750 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം .തി.28-12-16)

## 3-12 വീടിന്റെ മേൽക്കൂര മാറ്റൽ പദ്ധതി -സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല-മറ്റ് അപാകതകൾ

പൊതുവിഭാഗത്തിൽപ്പെട്ടവർക്കുള്ള വീടിന്റെ മേൽക്കൂര മാറ്റൽ പദ്ധതിപ്രകാരം (പ്രൊജക്റ്റ് നമ്പർ 34/16) 6,60,000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചതിൽ 6,50,000 തൻവർഷം ചെലവഴിച്ചിട്ടുണ്ട്.(യൂണിറ്റ് കോസ്റ്റ് 20,000). പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖ 2013 ലെ (ജി.ഒ.(എംഎസ്)നം.362/13 തിയതി. 16-11-13) പല നിർദ്ദേശങ്ങളും പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല . പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു

(എ) ഭരണ സമിതി അംഗീകരിച്ച ഗുണ ഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിക്കാണുന്നു.

1.-അംബിക പത്മനാഭൻ

2.-ആഗ്നസ് ജോസഫ്

3.-വിൻസെന്റ് .പി.ജെ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

(ബി)വീട്ടുടമസ്ഥൻ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

(സി)അസിസ്റ്റന്റ് എഞ്ചിനിയർ അളവ് രേഖപ്പെടുത്തി തയ്യാറാക്കുന്ന വിശദമായ അളവ് മൂല്യ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ഡി) ശ്രീമതി. കത്രീന നിരപ്പേൽ എന്ന ഗുണഭോക്താവ് ആദ്യ ഗഡുവായ 10,000 രൂപ മാത്രമാണ് കൈപ്പറ്റിയിരിക്കുന്നത് . ടിയാൾക്ക് വേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച രണ്ടാം ഗഡു പതിനായിരം രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ സ്ഥിതി ചെയ്യുകയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക ഗുണഭോക്താവിന് നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് . അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

മേൽ ന്യൂനതകൾ ഓഡിറ്റ് എൻക്വയറി നം.11 തിയതി 28-12-16 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ ധരിപ്പിച്ചുവെങ്കിലും കൃത്യമായ മറുപടി സമർപ്പിക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിക്കുന്നതു വരെ പദ്ധതിയ്ക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച 6,60,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ട്രഷറി.ബിൽ.നം 9/18-09-15-₹ 20,000, ട്രഷറി.ബിൽ.നം.12/23-12-15-₹2,10,000, ട്രഷറി.ബിൽ.നം.17/25-01-16-₹2,00,000, ട്രഷറി.ബിൽ.നം .21/29-02-16-₹2,30,000)

## 3-13 പട്ടികവർഗ്ഗ ഭവന പനരുദ്ധാരണം പദ്ധതി പൂർത്തീകരിച്ചില്ല- മറ്റ് അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊ.നം & അടങ്കൽ | 178/16- 4,50,000 രൂപ വികസനഫണ്ട് |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ | ബിൽ .നം 8തിയതി 15-03-16 ₹35,000 |
| | ബിൽ .നം 9തിയതി 15-03-16 ₹3,10,000 |
| | ബിൽ .നം 10തിയതി 15-03-16 ₹45,000 |
| | ബിൽ .നം 12തിയതി 15-03-16 ₹60,000 |
| ആകെ | ₹4,50,000 |

പട്ടിക വർഗ്ഗ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം 26 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുന്നതിനായി മേൽ പ്രകാരം ₹4,50,000രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിലെ (ജി.ഒ.(എംഎസ്)നം.362/13 തിയതി 16-11-13) പല നിർദ്ദേശങ്ങളും പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല .

പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു

1)വീട്ടുടമസ്ഥൻ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2)അസിസ്റ്റന്റ് എഞ്ചിനിയർ അളവ് രേഖപ്പെടുത്തി തയ്യാറാക്കുന്ന വിശദമായ അളവ് മൂല്യ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യം ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)ആകെ 26പേർക്കാണ് ഓഡിറ്റ് വർഷം ആനുകൂല്യം നൽകിയിട്ടുള്ളത് . ഇതിൽ 4 പേർക്ക് മാത്രമാണ് മുഴുവൻ തുകയും (30,000) നൽകിയിട്ടുള്ളത്. അവശേഷിച്ച ഗുണഭോക്താക്കൾക്ക് 15,000 രൂപ വീതമാണ് നൽകിയിട്ടുള്ളത്. ഇവർ പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. അവശേഷിച്ച ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെടാതെയാണ് മുൻകൂർ തുക നൽകിയിരിക്കുന്നത്.

6)ആനുകൂല്യം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയതായി വൗച്ചറിനൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ പറയുന്നുണ്ടെങ്കിലും തുക ബാങ്കിൽ നിക്ഷേപിച്ചതിന്റെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചതു സംബന്ധിച്ച ബാങ്ക് അധികൃതരുടെ സാക്ഷ്യപത്രം , ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ് മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7)വെള്ളച്ചി, താഴത്ത് വീട് മരുതുംകുളം എന്നവരുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ മേൽപ്രകാരം നടത്തിയ 4,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് റിക്വിസിഷൻ നമ്പർ.8/26-07-16)

## 3-14 പട്ടിക വർഗ്ഗ യുവാക്കൾക്കുള്ള സ്വയം തൊഴിൽ പദ്ധതി -അനുബന്ധ രേഖകൾ അപൂർണ്ണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊ.നം. & അടങ്കൽ | 62/16- 8,00,000 രൂപ. വികസനഫണ്ട് |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | ബിൽ .നം 11തിയതി. 23-03-16 ₹4,00,000 |

പട്ടിക വർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരമുള്ള ബാക്ക് എൻഡ് സബ്സിഡിയായി ₹4,00,000രൂപ സിൻഡിക്കേറ്റ് ബാങ്ക് പരപ്പ ശാഖയ്ക്ക് നൽകിയിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിലെ (ജി.ഒ.(എം.എസ്)നം.362/13 തിയതി 16-11-13) ചില നിർദ്ദേശങ്ങൾ പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാധിച്ചിട്ടില്ല . പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു

1) ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2) ഗുണഭോക്താക്കൾ ഓട്ടോ റിക്ഷ വാങ്ങിയത് സംബന്ധിച്ച രേഖകൾ, ബാങ്കധികൃതരുടെ സാക്ഷ്യ പത്രം , ആർ.സി.ബുക്ക് പകർപ്പ് , തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ട് ബാങ്ക് സ്റ്റേറ്റ് മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

അപാകതകൾ പരിഹരിക്കുവാനാവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി മേൽപ്രകാരം നടത്തിയ 4,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് റിക്വിസിഷൻ നമ്പർ.8/26-07-16)

## 3-15 വിവാഹ ധനസഹായം വിതരണം -അനുബന്ധരേഖകൾ അപൂർണ്ണം

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവാഹധനസഹായം പദ്ധതിപ്രകാരം (പ്രൊജക്ട് നമ്പർ 61/16) 12 ഗുണഭോക്താക്കൾക്കായി 3,60,000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുക

കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ഡി.ഡി നമ്പർ |
|---|---|---|
| തങ്കമണി ചീറ്റാക്കൽ ,ബളാൽ | 30,000 | 977094/11-01-16 |
| ജാനകി.കെ ,കിളിമാനൂർ വീട് | 30,000 | 977095/11-01-16 |
| ലീലാമണി മാധവൻ | 30,000 | 977096/11-01-16 |
| ശ്യാമള ശ്രീകണ്ഠൻ, കാര്യോട്ട്ചാൽ | 30,000 | 977097/11-01-16 |
| ലക്ഷ്മി, രാരീരം വീട്, പൂവത്തും മൊട്ട | 30,000 | 977098/11-01-16 |
| ശാരദ മണി, കുറുവാട്ട് വീട്, പാത്തിക്കര | 30,000 | 977099/11-01-16 |
| കാർത്ത്യായനി കുഞ്ഞിരാമൻ ആലത്തടി | 30,000 | 977100/11-01-16 |
| സരോജിനി, മലയിൽ വീട് | 30,000 | 977091/11-01-16 |
| നീലി അമ്പാടി | 30,000 | 977092/11-01-16 |
| കാർത്ത്യായനി, ചേരിയിൽ | 30,000 | 977093/11-01-16 |
| തങ്കമണി മാധവൻ | 30,000 | 977268/22-02-16 |
| ഇന്ദിര വേണു | 30,000 | 977284/22-02-16 |
| ആകെ | 3,60,000 | |

പരാമർശിത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ മേൽ പ്രകാരം നടത്തിയ 3,60,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് റിക്വിസിഷൻ നമ്പർ.8/26-07-16)

## 3-16 ഉറവിട മാലിന്യ നിർമ്മാർജ്ജനം - കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ഉറവിട മാലിന്യ നിർമ്മാർജ്ജനം കക്കൂസ് നിർമ്മാണത്തിനായി ടി.എസ്.സി ഫണ്ട് ഉപയോഗിച്ച് ജനറൽ വിഭാഗത്തിലെയും,പട്ടിക വർഗ്ഗ വിഭാഗത്തിലെയും ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടി ഒരു ഗുണഭോക്താവിന് 12,000/- രൂപ നിരക്കിൽ നൽകുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.എന്നാൽ താഴെപറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

പട്ടിക വർഗ്ഗ വിഭാഗം

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് / വാർഡ് നമ്പർ | ചെക്ക് നമ്പർ | നൽകിയ തുക | നൽകുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | എ.വി.കൃഷ്ണൻ<br>I | 593021 | 6,000 | 6,000 |
| 2 | ദേവകി<br>I | 686479 | 6,000 | 6,000 |
| 3 | കാർത്ത്യായനി<br>II | RTGS | 6,000 | 6,000 |

| | | | | |
|---|---|---|---|---|
| 4 | മാക്കം കുപ്പാലൻ<br>III | 390631 | 6,000 | 6,000 |
| 5 | തമ്പായി പാല<br>VII | 593016 | 6,000 | 6,000 |
| 6 | ശാരദ കൃഷ്ണൻ<br>I | RTGS | 6,000 | 6,000 |
| 7 | കൈക്കളൻ വെളുത്താൻ<br>I | 593045 | 6,000 | 6,000 |
| 8 | ചിറ്റ ബോളൻ<br>IV | 680473 | 6,000 | 6,000 |
| 9 | പി.രാഘവൻ<br>II | RTGS | 6,000 | 6,000 |
| 10 | തേർ<br>V | 606578 | 6,000 | 6,000 |
| 11 | ചിറ്റ എരയി<br>VII | 680459 | 6,000 | 6,000 |
| 12 | ജയശ്രീ<br>VIII | RTGS | 6,000 | 6,000 |
| 13 | ലക്ഷ്മി കണ്ണൻ<br>VIII | RTGS | 6,000 | 6,000 |
| 14 | തമ്പായി മോതിര<br>VIII | 680461 | 6,000 | 6,000 |
| 15 | സിന്ധു സതീശൻ<br>IX | 603846 | 6,000 | 6,000 |
| 16 | ലക്ഷ്മി<br>IX | RTGS | 6,000 | 6,000 |
| 17 | ശാന്ത കുഞ്ഞമ്പു<br>IX | 606544 | 6,000 | 6,000 |
| 18 | കമ്പി<br>IX | 606618 | 6,000 | 6,000 |

| | | | | |
|---|---|---|---|---|
| 19 | കുമ്പ<br>X | 593059 | 6,000 | 6,000 |
| 20 | ലക്ഷ്മി ദാമോധരൻ<br>X | 593054 | 6,000 | 6,000 |
| 21 | കുഞ്ഞമ്പു<br>X | ----- | 6,000 | 6,000 |
| 22 | രാജപ്പൻ<br>XI | 593005 | 6,000 | 6,000 |
| 23 | ഉമ്പിച്ചി<br>XI | 593011 | 6,000 | 6,000 |
| 24 | കാർത്ത്യായനി<br>XI | RTGS | 6,000 | 6,000 |
| 25 | കല്യാണി രാമൻ<br>XII | 593031 | 6,000 | 6,000 |
| 26 | കാർത്ത്യായനി പാല<br>XIII | 606590 | 6,000 | 6,000 |
| 27 | തമ്പായി<br>XIV | 592061 | 6,000 | 6,000 |
| 28 | സരോജിനി | 592972 | 6,000 | 6,000 |
| 29 | രാധ കുഞ്ഞിരാമൻ<br>XIV | 592973 | 6,000 | 6,000 |
| 30 | കുമ്പ രാമൻ<br>XV | 590370 | 6,000 | 6,000 |
| 31 | സരോജിനി മാധവൻ<br>XV | RTGS | 6,000 | 6,000 |
| 32 | വെള്ളച്ചി | 606546 | 6,000 | 6,000 |
| 33 | വെള്ളൻ<br>XVI | 590398 | 6,000 | 6,000 |

| | | | | |
|---|---|---|---|---|
| 34 | രാധ | RTGS | 6,000 | 6,000 |
| ജനറൽ വിഭാഗം | | | | |
| 1 | ഏലികുട്ടി മാത്യൂ<br>VII | 606555 | 6,000 | 6,000 |
| 2 | തങ്കമണി<br>X | 606629 | 6,000 | 6,000 |
| 3 | തമ്പായി<br>X | 606426 | 6,000 | 6,000 |
| 4 | കുഞ്ഞാമിനി<br>XIII | 593033 | 6,000 | 6,000 |
| 5 | മേരി<br>XIV | 606518 | 6,000 | 6,000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണത്തിനായി ഒന്നാം ഗഡു തുക കൈപ്പറ്റിയിട്ടുണ്ട്.കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലങ്കിൽ എഗ്രിമെന്റ് പ്രകാരം കൈപ്പറ്റിയ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ പൂർത്തീകരണ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 16/28-12-2016)

## 3-17 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല 1,92,505/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.വെള്ളരിക്കുണ്ട് |
| പ്രോജക്ട് നമ്പർ | SO.27/15-16, SO.28/15-16 |
| പ്രോജക്ടിന്റെ പേര് - | പാലിയേറ്റീവ് കെയർ പ്രോജക്ട് & പാവപ്പെട്ട നിത്യരോഗികൾക്ക് മരുന്ന് വാങ്ങൽ |
| ട്രഷറി നമ്പർ ബിൽ നമ്പർ | 2/15-16/ തീയ്യതി. 13-01-2016 , 79,245/- (മെയിന്റനൻസ് ഫണ്ട്, നോൺ റോഡ് ) |
| ട്രഷറി നമ്പർ ബിൽ നമ്പർ | 3/15-16/തീയ്യതി. 23-01-2016 ,3,00,000/- (മെയിന്റനൻസ് ,ഫണ്ട് നോൺ റോഡ് ) |
| ഡി.ഡി.നമ്പർ | 916684/ 20-01-2016 Rs.50,000/- |
| ഡി.ഡി.നമ്പർ | 916692/ 06-0202016 Rs.3,00,000/- |

മേൽ പ്രോജക്ടുകൾ പ്രകാരം പി.എച്ച്.സിക്ക് മരുന്ന് വാങ്ങുന്നതിനായി 13-01-2016ലെയും, 23-01-2016 ലെയും ട്രഷറി നമ്പർ ബിൽ നമ്പർ - 2/15-16, 3/15-16 എന്നിവ പ്രകാരം മുൻകൂറായി 79,245 /-രൂപ്പം,3,00,000/- പിൻവലിച്ച് 50,000/-,രൂപയും, 3,00,000/രൂപയും മാനേജിംഗ് ഡയറക്ടർ, മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് ( ഡി.ഡി.നമ്പർ 916684/ 20-01-2016 Rs.50,000/-, 916692/ 06-0202016 Rs.3,00,000/- ). 05-10-2015 ലെ പ്രോഫോർമ ഇൻവോയ്സ് PRF-920 പ്രകാരം 50,000/-രൂപയുടെ മരുന്നുകൾ ആവശ്യപ്പെട്ടതനുസരിച്ച് ഇൻവോയ്സ് നമ്പർ 4388/16-02-2016 ന് - 9,473/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 535/26-04-2016 ന് - 3,053/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 3518/06-10-2016 ന് - 17,489/- രൂപയുടെയും,ആകെ 30,015/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട് അവശേഷിക്കുന്നത് 19,985/- രൂപയുടെ മരുന്നുകളാണ്. (50,000 – 30,015= 19,985), 01-10-2015 ലെ പ്രോഫോർമ ഇൻവോയ്സ് PRF-882 പ്രകാരം 3,00,000/-രൂപയുടെ മരുന്നുകൾ ആവശ്യപ്പെട്ടതനുസരിച്ച് ഇൻവോയ്സ് നമ്പർ 5404/28-03-2016 ന് 61,893/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 3499/06-10-2016 ന് - 34,801/- രൂപയുടെയും,

ഇൻവോയ്സ് നമ്പർ 3500/06-10-2016 ന് - 21,113/- രൂപയുടെയും, ഇൻവോയ്സ് നമ്പർ 3507/06-10-2016 ന് - 9,673/- രൂപയുടെയും,( ആകെ 1,27,480/-)മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ബാക്കി 1,72,520/- രൂപയുടെ മരുന്നുകൾ സ്ഥാപനത്തിന് ലഭിക്കാനുണ്ട് (3,00,000 – 1,27,480 = 1,72,520 ). മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം ആകെ 1,92,505/- രൂപയുടെ മരുന്നുകൾ (19,985 + 1,72,520 = 1,92,505)മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാനുണ്ട്. ഈ സാഹചര്യത്തിൽ 1,92,505/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അവശേഷിച്ച മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 05/2016/27-12-2016)

## 3-18 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾയ്ക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ 75,61,250രൂപ മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി/ | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം. 2/16 NPRPD വിഹിതം | Bill.No.13/ 31-12-15 | 1,00,000 | ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | പ്രൊ.നം. 60/16 IAY വിഹിതം (ST) | Bill.No.2/ 25-11-15 & 5/30-01-16 | 20,90,000 | ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| 3 | വി.ഇ.ഒ | പ്രൊ.നം. 31/16 IAYവിഹിതം (GEN) | Bill.No.4/ 18-09-15 | 12,00,000 | ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| 4 | വി.ഇ.ഒ | പ്രൊ.നം. 37/16 IAYവിഹിതം നൽകൽ(ST) | Bill.No.20/ 29-02-16 | 27,43,000 | ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| 5 | വി.ഇ.ഒ | പ്രൊ.നം. 57/16 IAYവിഹിതം നൽകൽ (ജനറൽ) | Bill.No.13/ 31-12-15 | 11,48,250 | ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| 6 | വി.ഇ.ഒ | പ്രൊ.നം. 58/16 IAYവിഹിതം നൽകൽ(SC) | Bill.No. ലഭ്യമല്ല. | 80,000 | ബ്ലോക്ക് പഞ്ചായത്ത് പരപ്പ |
| 7 | വെറ്ററനറി സർജ്ജൻ | തെരുവ് നായ പ്രജനന നിയന്ത്രണ പരിപാടി പഞ്ചായത്ത് വിഹിതം | Ch.No. 1005506/ dt.21-03-16 | 2,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 75,61,250 | |

## 3-19 സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് പിഴ ചുമത്തിയിട്ടില്ല.

കരാറുകാരന്റെ വ്യക്തിപരമായ കാരണങ്ങളാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് പിഴ ചുമത്തിയിട്ടില്ല. 01-02-2012 ലെ ജി.ഒ.(പി) 13/2012/PWD (കേരള പൊതുമരാമത്ത് മാന്വൽ 2012 ൽ പുതുക്കിയത്) സെക്ഷൻ 2112-1 പ്രകാരം കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ്മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. ഒർജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന കരാറുകാരൻ അപേക്ഷിക്കേണ്ടതാണ്. ആദ്യതവണ പിഴ പിഎസി തുകയുടെ 1% വും (മിനിമം 1000 രൂപയും മാക്സിമം 50,000 രൂപയും), അതിന്ശേഷം പിഎസി തുകയുടെ 2% വും (മിനിമം 2000 രൂപയും മാക്സിമം 1,00,000 രൂപയും) ഈടാക്കാവുന്നതാണ്. പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാത്ത കാലാവധിയോ അല്ലെങ്കിൽ ആറു മാസമോ ഏതാണോ കുറവ് അത്. പരമാവധി കാലാവധി ദീർഘീകരണം യഥാർത്ഥ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയോ സപ്ലിമെന്ററി കരാറോ ഇല്ലാതെയും പിഴ ഈടാക്കാതെയും സമയബന്ധിതമായി പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & മറ്റ് വിവരങ്ങളും | സ്ഥലം പ്രവൃത്തിക്ക് നൽകിയ തീയ്യതി | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ച തീയ്യതി | കാലതാമസം |
|---|---|---|---|---|
| വെങ്കല്ല് വലിയ പാമത്തട്ട് റോഡ് താറിംഗ്<br>പ്രോജക്ട് നമ്പർ 171/15<br>അടങ്കൽ- 4,32,000 രൂപ<br>എം.ബുക്ക് നമ്പർ-18/15-16<br>വൌച്ചർ നമ്പർ 33/15-16<br>കരാറുകാരൻ- എം.ഡി. സബാസ്റ്റ്യൻ | 10-08-15 | 3 മാസം<br>10-11-15 | 16-01-16 | 67 ദിവസം |
| കാഞ്ഞിരക്കുണ്ട് ചുള്ളി റോഡ് താറിംങ്<br>പ്രോജക്ട് നമ്പർ 135/15<br>അടങ്കൽ- 5,00,000 രൂപ<br>എം.ബുക്ക് നമ്പർ-80/15-16<br>വൌച്ചർ നമ്പർ 8/15-16<br>കരാറുകാരൻ- ലാൻസി എൻ.കുര്യൻ | 07-11-14 | 3 മാസം<br>07-02-15 | 28-05-15 | 3 മാസവും 21 ദിവസവും |
| മങ്കയം കാറളം റോഡ് താറിംഗ്<br>പ്രോജക്ട് നമ്പർ 176/15<br>അടങ്കൽ- 3,00,000 രൂപ<br>എം.ബുക്ക് നമ്പർ-21/15-16<br>വൌച്ചർ നമ്പർ 28/15-16<br>കരാറുകാരൻ- എം.ഡി. | 28-07-15 | 28-10-15<br>3 മാസം | 20-01-16 | 2 മാസം<br>23 ദിവസം |

| | | | | |
|---|---|---|---|---|
| സബാസ്റ്റ്യൻ | | | | |
| കരിശ്ശു കവല കനകപ്പള്ളി റോഡ് താറിംങ്<br>പ്രോജക്ട് നമ്പർ 173/15<br>അടങ്കൽ- 5,00,000 രൂപ<br>എം.ബുക്ക് നമ്പർ- 19/15-16<br>വൌച്ചർ നമ്പർ 31/15-16<br>കരാറുകാരൻ- എം.ഡി. സബാസ്റ്റ്യൻ | 28-07-15 | 28-10-15<br>3 മാസം | 16-01-16 | 2 മാസം<br>19 ദിവസം |
| കൊന്നക്കാട് പി.എച്ച്.സി മെയിന്റനൻസ്<br>പ്രോജക്ട് നമ്പർ 159/15<br>അടങ്കൽ- 3,90,000 രൂപ<br>എം.ബുക്ക് നമ്പർ- 2/15-16<br>വൌച്ചർ നമ്പർ 12/14-15<br>കരാറുകാരൻ- എം.ജെ. സിറിയക് | 28-01-15 | 28-04-15<br>3 മാസം | 30-05-15 | 1 മാസം<br>2 ദിവസം |
| കനകപ്പള്ളി ബസ് വെയിറ്റിങ് ഷെഡ് നിർമ്മാണം<br>പ്രോജക്ട് നമ്പർ 158/15<br>അടങ്കൽ- 2,15,000 രൂപ<br>എം.ബുക്ക് നമ്പർ- 13/15-16<br>വൌച്ചർ നമ്പർ 22/15-16<br>കരാറുകാരൻ- വി.ജെ. ജോസ് | 14-10-15 | 14-01-15<br>3 മാസം | 19-08-15 | 6 മാസം<br>5 ദിവസം |
| ബളാൽ പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്<br>പ്രോജക്ട് നമ്പർ 160/15<br>അടങ്കൽ- 10,00,000 രൂപ<br>എം.ബുക്ക് നമ്പർ- 68/15-16<br>വൌച്ചർ നമ്പർ 81/14-15<br>കരാറുകാരൻ- എം.ജെ. സിറിയക് | 20-02-15 | 20-05-15<br>3 മാസം | 29-06-15 | 1 മാസം<br>9ദിവസം |

പൂർത്തീകരണം വൈകിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 3-20 <u>നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ബാങ്കിംഗ് ട്രഷറിയായിട്ടും തുടരുന്നു.</u>

ജി.ഒ (പി).നം. 177/2006 ധനം തി.12-04-2006 പ്രകാരം നോൺ ബാങ്കിംഗ് ട്രഷറി മുഖേന ഇടപാടുകൾ നടത്തുന്ന

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ നിക്ഷേപിച്ച് ഡി.ഡി. എടുക്കുന്നതിനായി ദേശസത്കൃതബാങ്കുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പ്രത്യേകബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കേണ്ടിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറയുൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് ധന ഇടപാടുകൾ നടത്തി വന്നിരുന്നത്. എന്നാൽ 2015-16 വർഷത്തോടുകൂടി ഗ്രാമ പഞ്ചായത്ത് ധന ഇടപാടുകൾ നടത്തി വന്നിരുന്ന വെള്ളരിക്കുണ്ട് സബ് ട്രഷറി ബാങ്കിംഗ് ട്രഷറിയായി മാറുകയുണ്ടായി. എന്നാൽ സെക്രട്ടറിയുൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിരുന്ന ബാങ്ക് അക്കൗണ്ടുകൾ മുഖേന ധന ഇടപാടുകൾ ഇപ്പോഴും തുടരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. നോൺ ബാങ്കിംഗ് ട്രഷറിയായിരുന്ന വെള്ളരിക്കുണ്ട് സബ് ട്രഷറി ബാങ്കിംഗ് ട്രഷറിയായി മാറിയ സാഹചര്യത്തിൽ നിലവിൽ ഉപയോഗിച്ച് വരുന്ന ബാങ്ക് അക്കൗണ്ടുകൾ ആവശ്യമില്ലാതായിരിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ച് വന്നിരുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത്, അക്കൗണ്ടിൽ അവശേഷിക്കുന്ന പലിശ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാനും , ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിക്കാത്ത തുകകൾ പ്രസ്തുത അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ആയവ സഞ്ചിത നിധിയിലേയ്ക്ക് അടവാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയസ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2015-16 | 6,00,000 | വികലാംഗ സൗഹ്യദ ഭവനം | 60,000 | 5,40,000 |
| കാസറഗോഡ് ജില്ല പഞ്ചായത്ത് | 2015-16 | 1,15,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,15,000 | - |

വിവിധ പദ്ധതികൾക്കായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ വിഹിതങ്ങൾ യഥാസമയം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ (Rt).നം. 453/10തസ്വഭവ. തി. 09-02-10 | 1,61,77,500 | 80,77,500 | 32,43,694 | - | 48,33,806 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും 10,00,000 രൂപ ch.No.0620031/19-08-15 പ്രകാരം പിൻവലിച്ച് കാനറബാങ്ക് കുന്നംകൈ ശാഖയിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത നിക്ഷേപം പിൻവലിച്ച് 2016 ഏപ്രിൽമാസം പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുള്ളതായി പഞ്ചായത്തധികൃതർ അറിയിക്കുകയുണ്ടായി. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,48,46,510 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,38,61,641 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹4,77,286 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹36,652 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹29,95,020 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | ₹2,28,063 | - | ജോസഫ് .എം.ചാക്കോ സെക്രട്ടറി |
| 2-3 | ₹2,45,335 | - | ജോസഫ് .എം.ചാക്കോ സെക്രട്ടറി |
| 2-4 | ₹325 | - | ജോസഫ് .എം.ചാക്കോ സെക്രട്ടറി |
| 2-5 | ₹2,263 | - | ജോസഫ് .എം.ചാക്കോ സെക്രട്ടറി |
| 2.13 | ₹1,300 | - | ജോസഫ് .എം.ചാക്കോ സെക്രട്ടറി |
| 3-8 | - | ₹5,140 | ജനോവ.കെ.വി , അസി. എഞ്ചിനിയർ |
| 3-9 | - | ₹31,512 | രാജു.കെ.എസ് , വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹1,18,460 | ജോസഫ് എം.ചാക്കോ , സെക്രട്ടറി |
| 3-4 | ₹3,90,685 | ജോസഫ് എം.ചാക്കോ , സെക്രട്ടറി |
| 3-5 | ₹1,68,384 | ജോസഫ് എം.ചാക്കോ , സെക്രട്ടറി |
| 3-7 | ₹54,236 | ജോസഫ് എം.ചാക്കോ , സെക്രട്ടറി |
| 3-11 | ₹2,00,750 | രാജു.കെ.എസ് , വി.ഇ.ഒ |
| 3-12 | ₹6,60,000 | രാജു.കെ.എസ് , വി.ഇ.ഒ |
| 3-13 | ₹4,50,000 | രാജു.കെ.ജെ , അസി.സെക്രട്ടറി |
| 3-14 | ₹4,00,000 | രാജു.കെ.എസ് , അസി.സെക്രട്ടറി |
| 3-15 | ₹3,60,000 | രാജു.കെ.എസ് , അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോസഫ്.എം.ചാക്കോ | സെക്രട്ടറി ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | മുട്ടത്ത് -ഹൗസ്, പനത്തടി.പി.ഒ, പനത്തടി , കാസറഗോഡ് ജില്ല |
| രാജു.കെ.എസ് | വി.ഇ.ഒ. ബളാൽഗ്രാമ പഞ്ചായത്ത് | കുപ്പത്താനത്ത് വീട് , കനകപ്പള്ളി.പി.ഒ, പരപ്പ വഴി, കാസറഗോഡ് ജില്ല. പിൻ.671533 |
| ജനോവ .കെ.വി അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ കോടോം ബേളൂർ ഗ്രാമ പഞ്ചായത്ത് | ചിറപ്പുറമ്പിൽ ഹൗസ്, മസ്ജിദ് റോഡ്, പടന്നക്കാട് പടന്നക്കാട് പി.ഒ, കാസറഗോഡ് ജില്ല, |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.സി.10/1968/82 dt.02-11-1982 | 12 |
| 1981-82 | എൽ.എഫ്.സി.8/1627/86 dt.05-11-1986 | 17 |

| | | |
|---|---|---|
| 1982-83 | എൽ.എഫ്.സി.8/1115/88 dt.09-12-1988 | 2 |
| 1983-84 | എൽ.എഫ്.സി.7/306/89 dt.26-06-1989 | 25 |
| 1984-85 | എൽ.എഫ്.സി.7/319/90 dt.31-08-1990 | 22 |
| 1987-88 to1989-90 | എൽ.എഫ്.കെ.എസ്.ഡി.4/140/98 dt.19-03-1999 | 6 |
| 1990-91<br>1991-92 | എൽ.എഫ്.കെ.എസ്.ഡി.2/98/ dt. 04-05-1999 | 11 |
| 1992-93 to1995-96 | എൽ.എഫ്.കെ.എസ്.ഡി.5/148/00 dt. 29-04-2000 | 30 |
| 1996-97<br>(ചെലവ്) | എൽ.എഫ്.കെ.എസ്.ഡി.5/272/98 dt .07-01-2002 | 9 |
| 1997-98 (ചെലവ്) | എൽ.എഫ്.കെ.എസ്.ഡി. | |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.3/644/08 dt. 20-04-2009 | 6 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.3/645/08 dt. 20-04-2009 | 6 |
| 2000-2001 | എൽ.എഫ്.കെ.എസ്.ഡി.3/646/08 dt.10-12-2008 | 12 |
| 2001-2002 | എൽ.എഫ്.കെ.എസ്.ഡി.3/719/09 dt. 20-05-2010 | 3 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.3/730/09 dt. 20-05-2010 | 1 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/731/09 dt.31-05-2010 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.3/732/09 dt.10-05-2010 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.6/176/11 dt.13-12-2011 | 8 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി. 6/177/11 dt.13-12-2011 | 6 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി. 6/689/11 dt.13-12-11 | 5 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി. 6-/646/11 dt.13-12-2011 | 8 |
| 2009-10 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/596/11 dt. 04-05-2013 | 8 |
| 2011-12 2012-13 | എൽ.എഫ്.കെ.എസ്.ഡി.7/512/14 dt.14-01-2015 | 25 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.7/485/14 dt.07.09.2015 | 22 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.10/795/16 dt.29.07.2016 | 15 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ് ജില്ല.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി /10/61/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

E-mail:- doksd.ksad@kerala.gov.in

തീയതി.25.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2(1) ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD/10/61/2017 Kerala State Audit Department

District Audit Office,Kasaragod – 671123

Dated:25.10.2017

E-mail:- doksd.ksad@kerala.gov.in

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Balal Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Balal Grama Panchayat for the year 2015-16, except the observations in Para No. 2-(1) of my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod